# മന്ന

MANNA

യു. എ. ഇ., കുവൈത്ത്, തൃശ്ശൂർ & കൊച്ചിൻ   വാല്യം 4 ലക്കം 14

news@newsmanna.com www.newsmanna.com

050 3241610, 055 3969791   ഡിസംബർ 2011




40 روح الاتحاد SPIRIT OF THE UNION
NATIONAL DAY اليوم الوطني
UNITED ARAB EMIRATES الامارات العربية المتحدة

# അനുഗ്രഹ നിറവിൽ യുഎഇ


റോജിൻ പൈനുംമൂട്


2011 ഡിസംബർ 2 വെള്ളി. ഇന്ന് യുഎഇ -ലെ ക്രൈസ്തവ ആരാധനാലയങ്ങളിൽ നടക്കുന്ന ആരാധനകൾ ഒരർഥത്തിൽ നാലപ്തു വർഷം പൂർത്തിയാക്കിയ രാജ്യത്തിനു നല്കുന്ന നന്ദി പ്രകടനത്തിന്റേതു കൂടിയായിരിക്കും.

ദാരിദ്ര്യവും ഉഷ്ണവും ഇരുളും ഒക്കെ സഹിച്ച് ഒതുങ്ങിക്കിടന്നിരുന്ന ഒരു ജനത നാലു പതിറ്റാണ്ടുകൊണ്ട് ലോകത്തിന്റെ നെറുകയിൽ എത്തിച്ചേർന്നിരിക്കുന്നു. അബുദാബി, ദുബായ്, ഷാർജ, അജ്മാൻ, ഉമ്മൽഖയിൻ, ഫുജൈറ, റാസൽഖൈമ എന്നീ ഏഴുപ്രവിശ്യകൾ ചേർന്നുള്ള ഐക്യ അറബ് എമിറേറ്റ്സ് (യുഎഇ) നിലവിൽ വന്നത് 1971 ലാണ്. സ്ഥാപക പ്രസിഡന്റായ അന്തരിച്ച ഷെയ്ക്ക് സഊദ് ബിൻ സുൽത്താൻ അൽ നഹ്യാൻ നല്കിയ നേതൃത്വമാണ് ഈ രാജ്യത്തിന്റെ സർവ്വോന്മുഖമായ പുരോഗതിയ്ക്ക് കാരണമായത്. അദ്ദേഹത്തിന്റെ മകനും ഇപ്പോഴത്തെ പ്രസിഡന്റുമായ ഹിസ് ഹൈനസ് ഷെയ്ക്ക് ഖലീഫാ ബിൻ സഊദ് അൽ നഹ്യാൻ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബായ് ഭരണാധികാരിയുമായ ഹിസ് ഹൈനസ് ഷെയ്ക്ക് മുഹമ്മദ് ബിൻ റാഷിദ് അൽ മഖ്തും എന്നിവരുടെയും ഇതര എമിറേറ്റുകളുടെ ഭരണാധികാരികളുടെയും നേതൃത്വത്തിൽ രാജ്യം ലോകത്തിലെ വിവിധ മേഖലകളിലെ സജീവ സാന്നിധ്യമായി മാറിയിരിക്കുന്നു.

മുൻപ് ട്രൂഷ്യൽ സ്റ്റേറ്റുകൾ എന്നറിയപ്പെട്ടിരുന്ന ഈ പ്രവിശ്യകൾക്കായി 1965 ൽ ഷാർജയിൽ ഒരു സൈനിക താവളം നിർമ്മിച്ചു. എന്നാൽ 1968 ൽ ബ്രിട്ടൺ ഗൾഫ് മേഖല വിട്ട് 1971 ൽ പിൻമാറാമെന്ന് പ്രഖ്യാപിച്ചു. 1971 ൽ ഐക്യ അറബ് എമിറേറ്റ്സ് ഔദ്യോഗികമായി പരമാധികാര രാജ്യമായി പ്രഖ്യാപിക്കപ്പെട്ടു. മുൻകാലങ്ങളിൽ ബ്രിട്ടനുമായി ഏർപ്പെട്ടിരുന്ന എല്ലാ ഉടമ്പടികളും റദ്ദ് ചെയ്ത് സൗഹൃദഉടമ്പടി മാത്രം നിലനിർത്തി. 1972 ൽ യുഎഇ അറബ് ലീഗിലും 132-ാമത്തെ രാജ്യമായി യുണൈറ്റഡ് നേഷൻസിലും അംഗമായി.

മത്സ്യബന്ധനത്തിലും കടൽ മുത്തുകളും ചിപ്പികളും ശേഖരിച്ചും ഉപജീവനം ചെയ്തിരുന്ന ഇവിടുത്തുകാരിൽ മിക്കവരുടെയും സാമ്പത്തിക സ്ഥിതി അത്ര നല്ലതായിരുന്നില്ല. ഗൾഫിലെ വറ്റാത്ത എണ്ണക്കിണറുകളെപ്പറ്റി ഇവർ അറിയുന്നത് 1930-കളിലാണ്. ഈ രാജ്യത്തിന്റെ ഭാവി നിർണയിച്ച ആദ്യത്തെ എണ്ണക്കപ്പൽ 1962 ൽ അബുദബിയിൽ നിന്നും പുറപ്പെട്ടു. ശക്തമായ രാഷ്ട്രീയ നിലപാടും വ്യവസായ രംഗത്തെ ഉദാരതകളും ഈ രാജ്യത്തെ വളർച്ചയിലേക്ക് നടത്തി.

ഇവിടെയുള്ള മതസ്വാതന്ത്ര്യത്തെക്കുറിച്ച് ഏറെ പറയേണ്ടതായുണ്ട്. കാരണം, ഇസ്ലാമിക ഭരണ പ്രദേശമായ ഇവിടെ നൂറിലേറെ രാജ്യങ്ങളിലെ ജനങ്ങൾ തങ്ങളുടെ ജീവസന്ധാരണത്തിനായി ജോലിചെയ്യുന്നു. ഈ രാജ്യത്തിന്റെ ഭരണാധികാരികൾ ഇതരരാജ്യക്കാർക്ക് നല്കുന്ന ആരാധനാസ്വാതന്ത്ര്യം എന്തുകൊണ്ടും അഭിനന്ദനാർഹമാണ്. ക്രൈസ്തവ ആരാധനാലയങ്ങളും എന്നുവേണ്ട ഹൈന്ദവക്ഷേത്രങ്ങൾ വരെ ഇവിടെ ഉണ്ട്.

1926 മുതൽ ആംഗ്ലിക്കൻ സഭാസാന്നിധ്യം ഷാർജയിലെ സൈനിക താവളങ്ങളിൽ ഉണ്ടായിരുന്നുവെങ്കിലും അൻപതുകളിൽ അപൂർവ്വം ചില വിദേശികൾ തൊഴിൽ തേടി ഇവിടെ എത്തിയിരുന്നു. 1953 ൽ ബ്രിട്ടീഷ് ബാങ്ക് ദുബായിൽ സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുവാൻ നിയോഗിക്കപ്പെട്ട റാന്നി സ്വദേശി യായ റ്റി. ജി. തോമസ് എന്ന വ്യക്തിയാണ് ഇവിടുത്തെ ആദ്യമലയാള ക്രിസ്തീയ ആരാധനയ്ക്ക് തുടക്കമിട്ടത്.

ബ്രിട്ടീഷ്കോളനി നാളുകളിലെ പട്ടാളക്കാരുടെയും രാഷ്ട്രീയ പ്രതിനിധികളുടെയും ഒറ്റപ്പെട്ട ആംഗ്ലിക്കൻ കൂട്ടായ്മകളെ ഒഴിച്ചു നിർത്തിയാൽ കഴിഞ്ഞ നൂറ്റാണ്ടിലെ പ്രഥമ കൂട്ടായ്മ ദുബായ് ക്രിസ്ത്യൻ അസംബ്ലി എന്ന പേരിൽ പരേതനായ റ്റി.ജി.തോമസ് ആരംഭിച്ചതാണ്.

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുമുമ്പു തന്നെ 1944 ബഹ്റൈനിൽ ജോലിചെയ്തിരു ന്ന റ്റി.ജി. തോമസ് ബ്രദറൺ സഭാവിശ്വാസിയായിരുന്നതിനാൽ ദുബായിലെ ആദ്യത്തെ കൂട്ടായ്മയിലും വേർപാട് ആരാധനാക്രമങ്ങളോട് സാമ്യത പുലർത്തി. അപ്പോൾ തന്നെ എല്ലാ ക്രിസ്തീയ വിഭാഗത്തിൽപ്പെട്ടവർക്കും ഒന്നിച്ചിരുന്നു പ്രാർഥിക്കുവാനും വചനം പങ്കിടുവാനും അവസരം ഒരുക്കുന്ന തരത്തിൽ ദുബായ് ക്രിസ്ത്യൻ അസംബ്ലി എന്നു പേരു നല്കിയ തോമസ് സഭാവിവേചനം ഇല്ലാതെ ക്രൈസ്തവവിഭാഗത്തിലെ എല്ലാവരെയും ഉൾക്കൊണ്ട് പ്രവർത്തിച്ചു. ബർദുബായിലെ ഇപ്പോഴത്തെ ബാങ്ക് ഓഫ് ബറോഡ ബാങ്കിന്റെ പുറകിലുണ്ടായിരുന്ന ഒരു വില്ലയിലാണ് ക്രിസ്ത്യൻ അസംബ്ലിയുടെ യോഗങ്ങൾക്ക് തുടക്കം കുറിച്ചത്.

ക്രിസ്ത്യൻ അസംബ്ലിയിൽ സംബന്ധിക്കുന്നവരും അല്ലാത്തവരുമായ വിവിധ ക്രൈസ്തവവിഭാഗത്തിൽ പ്പെട്ടവർ ചേർന്നുള്ള ട്രൂഷ്യൽ സ്റ്റേറ്റ് മലയാളി ക്രിസ്ത്യൻ കോൺഗ്രിഗേഷൻ 1962 ൽ സ്ഥാപിതമായി. ഇതിനുശേഷം കത്തോലിക്ക, ഓർത്തഡോക്സ്, മാർത്തോമാ, യാക്കോബായ, ഇവാഞ്ചലിക്കൽ, സി.എസ്.ഐ, പെന്തെക്കോസ്ത്, ന്യൂജനറേഷൻ തുടങ്ങി വിവിധ സഭകൾ തങ്ങളുടെ ആരാധനകൾ സ്വാതന്ത്ര്യത്തോടെ ഈ ദേശത്തു നടത്തി വരുന്നു.

ഇതിൽ മിക്കവർക്കും സ്വന്തമായി ആരാധനാലായങ്ങൾ ഉണ്ട്. **ഈ രാജ്യത്തിലെ ഭരണാധികാരികൾ സൗജന്യമായി നല്കിയ സ്ഥലത്താണ് ഈ ആരാധനാലയങ്ങൾ ഉള്ളതെന്നും ഇവിടെ ഉപയോഗിക്കുന്ന ജലത്തിനും വൈദ്യുതിയ്ക്കും മിക്കയിടത്തും പണം നല്കേണ്ട എന്നതും എടുത്തുപറയേണ്ട കാര്യം തന്നെയാണ്.** കാരണം, കേരളത്തിൽ വൈദ്യുതിയ്ക്ക് ആരാധനാലയങ്ങൾക്ക് ഗാർഹിക കണക്ഷനെക്കാൾ ഇരട്ടി ചാർജ്ജ് നല്കണം.

തൊണ്ണൂറുകളിൽ ദുബായ് ട്രിനിറ്റി ചർച്ച് സമുച്ചയത്തിൽ കൂടുതൽ ആരാധനാ സൗകര്യം ലഭ്യമായതോടെ ആത്മീക കൂട്ടായ്മകളുടെ എണ്ണവും വർധിച്ചു. ഷാർജ ഭരണാധികാരി ഹിസ് ഹൈനസ് ഡോ.ഷെയ്ക്ക് സുൽത്താൻ അൽ ഖാസിമി ഷാർജയിൽ വിവിധ ക്രൈസ്തവസഭകൾക്ക് ദേവാലയ നിർമ്മിതിക്കായി സ്ഥലസൗകര്യം നല്കി. മുമ്പു പറഞ്ഞ മിക്ക കൂട്ടായ്മകൾക്കും സ്വന്തമായി ആരാധനാലയങ്ങൾ ഉണ്ടായി. എപ്പിസ്ക്കോപ്പൽ ബ്രദറൺ സഭകളുമായി സഹകരിച്ച് പെന്തെക്കോസ്തുകാർ ഗൾഫ് ചരിത്രത്തിൽ ആദ്യമായി യൂണിയൻ ചർച്ചും പിന്നീട് വർഷിപ്പ് സെന്ററും ആരംഭിച്ചത് ഷാർജയിലാണ്.

അബുദാബി മുസഫയിലുള്ള ബ്രദറൺ ചർച്ച് സെന്ററും ഇത്തരത്തിലുള്ളതാണ്. അബുദാബി, അൽഐൻ, ദുബായ്, ജെബൽ അലി, ഷാർജ, ഫുജൈറ, റാസൽ ഖൈമ എന്നിവിടങ്ങളിലായി 28 ക്രൈസ്തവ ആരാധനാലയങ്ങൾ യു.എ.ഇലുണ്ട്. അബുദാബി, അൽ ഐൻ എന്നിവിടങ്ങളിൽ രണ്ട് ഏക്കറിൽ പരം വസ്തുവാണ് വിവിധ ക്രൈസ്തവാരാധനാലയങ്ങൾ നിർമിക്കുന്നതിനായി ഗവണ്മെണ്ടെന്റ് സൗജന്യമായി നൽകിയിരിക്കുന്നത്.

മലയാളികളുടേത് മാത്രമല്ല, വിവിധ രാജ്യക്കാരുടെ ക്രിസ്തീയ ആരാധനാലയങ്ങൾ ഇവിടെയുണ്ട്. ഷാർജയിലുള്ള റഷ്യൻ ഓർത്തഡോക്സ് പള്ളിയുടെ മുകളിൽ വെച്ചിരിക്കുന്ന കുരിശ് വളരെ ദൂരെനിന്നും ദർശിക്കുവാൻ കഴിയും എന്നുള്ളത് ഈ രാജ്യം മറ്റ് മതങ്ങളെ ബഹുമാനിക്കുന്നുന്നുള്ളതിനു തെളിവാണ്.

നമ്മുടെ ജന്മദേശങ്ങളെക്കാളും ആരാധനാസ്വാതന്ത്ര്യം അനുഭവിക്കുന്ന നാം ഓരോരുത്തരും തീർച്ചയായും ഈ രാജ്യത്തിലെ ഭരണാധികാരികളോട് കടപ്പെട്ടിരിക്കുന്നു. അവർക്കുവേണ്ടി പ്രാർഥിക്കുന്നതിനും സർവോപരി രാജ്യത്തിന്റെ ഉന്നമനത്തിനായും പ്രവർത്തിക്കുവാനും അവസരങ്ങളെ വിനിയോഗിക്കേണ്ടത് നമ്മുടെ കടമയാണ്. രാജ്യത്തെയും ഭരണാധികാരികളെയും സർവ്വേശ്വരനായ കർത്താവ് നന്മകൾ നല്കി അനുഗ്രഹിക്കുവാൻ നമുക്കു പ്രാർഥിക്കാം.

*കടപ്പാട്: കെ.ബി. ഐസക്ക്*


"നിന്റെ വചനം എന്റെ കാലിനു ദീപവും, എന്റെ പാതയ്ക്ക് പ്രകാശവും ആകുന്നു" (സങ്കീ. 119:105)

## ബൈബിൾ ക്ലാസ്

സ്ഥലം : യൂണിയൻ ചർച്ച്, ഷാർജ, ഹാൾ നമ്പർ - 2
തീയതി : ഡിസംബർ 12,13 (തിങ്കൾ, ചൊവ്വ)
8.15 പിഎം - 10.00 പിഎം)



പ്രസംഗകൻ:
പാസ്റ്റർ കെ.കെ. ചെറിയാൻ

ഏവർക്കും സ്വാഗതം

*Organised by:*
**Sharjah Pentecostal Assembly**
More details Contact: 055 3260175, 0502218040, 050 3848509, 050 6774879

*Best Compliments:*
**Golden Bridge Hardware TRD**
Tel: 067662568, 050 7970149
Sharjah, UAE

# ദുർബലമാകുന്ന ആത്മീയ മതിലുകൾ

## വാർത്തയ്ക്കപ്പുറം

ഷിബു മുള്ളംകാട്ടിൽ

മുല്ലപ്പെരിയാർ അണക്കെട്ടിനെക്കുറിച്ചുള്ള ആശങ്കകൾ വർധിപ്പിച്ച് തുടർച്ചയായ ഭൂചലനങ്ങൾക്ക് കേരളം സാക്ഷിയായി. അണക്കെട്ടിന്റെ താഴ്വാരത്തുള്ള ജനവാസമേഖലകളിലും ഭൂചലനം അനുഭവപ്പെട്ടത് വൻ പരിഭ്രാന്തി സൃഷ്ടിച്ചിരിക്കുകയാണ്. തമിഴ്നാട് സർക്കാരിന്റെ പിടിവാശിയിൽ ലക്ഷക്കണക്കിന് ജനങ്ങളുടെ ജീവനാണ് തുലാസിൽ നില്ക്കുന്നത്.

1895 ൽ നിർമ്മിച്ച മുല്ലപ്പെരിയാർ അണക്കെട്ടിന് 50 വർഷത്തെ ആയുസ്സാണ് നിർമാതാവായ ബ്രിട്ടീഷ് എഞ്ചിനീയർ നിശ്ചയിച്ചത്. (നമ്മുടെ ആളുകൾ പണിത പാലങ്ങൾ പലതും ഒലിച്ചുപോയി എന്നത് മറ്റൊരു സത്യം). 116 വർഷങ്ങൾ പിന്നിട്ട മുല്ലപ്പെരിയാർ അണക്കെട്ട് ഇന്നും നിലനില്ക്കുന്നത് കേരളത്തിലെ ജനങ്ങളുടെ പ്രാർഥനകൊണ്ടാവാം. ആധുനിക ഡാമുകളുടെ ശരാശരി ആയുസ്സ് 70 വർഷം ആയിരിക്കെ സുർക്കിയും ചുണ്ണാമ്പും ചേർത്തു നിർമ്മിച്ച മുല്ലപ്പെരിയാർ അണക്കെട്ടിന്റെ അപകടസാധ്യത ഇനിയെങ്കിലും കലൈഞ്ഞരും തലൈവിയും തിരിച്ചറിഞ്ഞിരുന്നുവെങ്കിൽ!!

ഭൂകമ്പസാധ്യത ഏറെയുള്ള സ്ഥലത്ത് സ്ഥിതിചെയ്യുന്ന അണക്കെട്ടിന്റെ ചോർച്ചകളും വിള്ളലുകളും വർധിക്കുന്നത് നാടിന്റെ ഉറക്കം കെടുത്തുന്നു. കേരളത്തിലെ 30 ലക്ഷം ജനങ്ങളുടെ ജീവന് ഭീഷണിയാവുകയാണ് മുല്ലപ്പെരിയാർ അണക്കെട്ട്. ഇതിന് എന്തെങ്കിലും സംഭവിച്ചാൽ വെള്ളം പെരിയാറിലൂടെ ഒഴുകി ഇടുക്കി അണക്കെട്ടിന് അപകടം ഉണ്ടാകും. അങ്ങനെ വന്നാൽ ദുരന്തത്തിന്റെ വ്യാപ്തി നിശ്ചയിക്കാനാവില്ല.

11 വർഷം മുമ്പ് ഭൂചലനമുണ്ടായപ്പോൾ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ദുർബലാവസ്ഥ എല്ലാവരും മനസ്സിലാക്കിയതാണ്. അന്നുണ്ടായ വിള്ളലുകൾ തമിഴ്നാട് പിന്നീട് സിമന്റ് പൂശി അടയ്ക്കുകയായിരുന്നു. എത്രയും വേഗം ജലനിരപ്പ് കുറയ്ക്കുകയും പുതിയ അണക്കെട്ടിന്റെ നിർമ്മാണം ആരംഭിക്കുകയും വേണം. ഇക്കാര്യത്തിൽ കേന്ദ്രഗവണ്മെന്റ് അടിയന്തിരമായി ഇടപെടുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

ഇനി തിരിഞ്ഞുനോട്ടത്തിനായി ചില സഭാകുറിപ്പുകൾ. ദീർഘവർഷങ്ങൾ പിന്നിടുന്ന നമ്മുടെ പല പ്രസ്ഥാനങ്ങളും ദുർബലാവസ്ഥയിലാണ്. വേർപാടിന്റെയും വിശുദ്ധിയുടെയും മതിലുകൾക്ക് വിള്ളലുകൾ വീണിരിക്കുന്നു. പിതാക്കന്മാർ കെട്ടിപ്പടുത്ത കോട്ടകളെ ഇളക്കിമാറ്റി പകരം ആധുനിക പ്രതിഭാസങ്ങൾക്കൊണ്ട് വെള്ളപൂശി ജനത്തെ വഴിതെറ്റിക്കുകയാണ്. വലിയ ഒരു വിപത്തിലേക്ക് നമ്മുടെ സമൂഹം നയിക്കപ്പെടുന്നതിന്റെ സൂചനയാണിത്.

കഷ്ടതയും പട്ടിണിയും സഹിച്ച് വിശ്വാസത്താൽ പടുത്തുയർത്തിയ പ്രസ്ഥാനങ്ങൾ കാലങ്ങൾ പിന്നിട്ടപ്പോൾ വന്ന വഴി മറന്നു. നേട്ടങ്ങളെക്കുറിച്ച് ഊറ്റം കൊള്ളുവാൻ ഉണ്ടെങ്കിലും നമ്മിൽ സംഭവിച്ച ആത്മീയ അപചയത്തെക്കുറിച്ച് വിസ്മരിക്കുന്നു. അധികാരക്കൊതിയും പണാധിപത്യവും സഭകളെ മലീമസമാക്കി. റിയൽ എസ്റ്റേറ്റ് ബിസിനസും ബ്ലേഡ് മാഫിയയും നടത്തുന്ന ആധുനിക ഇടയന്മാരും പാപത്തെ ബലഹീനത മാത്രമാക്കി ലഘൂകരിക്കുന്ന ആടുകളും വേർപാടിന്റെ മതിലിൽ വിള്ളൽ വീഴ്ത്തി. ഉപേക്ഷിച്ചതിനെ മടക്കിക്കൊണ്ടുവരുവാൻ താല്പര്യം കാട്ടുന്നവരും പ്രോസ്പിരിറ്റി തിയോളജി വിളമ്പുന്നവരും ജനത്തെ വഴിതെറ്റിക്കുകയാണ്.

ആയിരക്കണക്കിന് ജനങ്ങളെ നാശത്തിലേക്ക് തള്ളിയിടുന്ന ആധുനിക പ്രവണതകളെ നാം തിരിച്ചറിയണം. മാത്രമല്ല, ഇക്കൂട്ടരിൽ നിന്നും ജനത്തെ രക്ഷിക്കേണ്ട ദൗത്യവും നമുക്കാണ്. ക്രിസ്തു വിഭാവനം ചെയ്ത സഭയുടെ ലക്ഷ്യം സ്വാർഥതാല്പര്യങ്ങൾ അല്ലെന്ന് അവരെ ബോധ്യപ്പെടുത്തണം. തിരുവചന ഉപദേശസത്യങ്ങൾ നമ്മുടെ സഭകളിൽ ക്രമമായി പഠിപ്പിക്കണം.

ഇനിയും നമുക്ക് ഒരു മടങ്ങിവരവ് സാധ്യമല്ല എന്ന് കണ്ണുമടച്ച് പറയാതെ ഒരു മാറ്റത്തിന് വേണ്ടി ആവലോടെ പ്രാർഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ട സമയമാണിത്. എല്ലാ തലങ്ങളിലും ഒരു ശുദ്ധികലശം ആദ്യം ഉണ്ടാകട്ടെ. കസേരയ്ക്കുവേണ്ടി കുതന്ത്രങ്ങൾ പ്രയോഗിക്കുന്നവർ താല്ക്കാലിക നേട്ടം മതിയാക്കി ദൈവസന്നിധിയിൽ മുട്ടുമടക്കട്ടെ. അങ്ങനെ അവർ പുതിയ കൃപകൾ പ്രാപിച്ച് ദൈവം നല്കുന്ന ശുശ്രൂഷ നിറവേറ്റണം. അപവാദപ്രചാരണങ്ങൾ നടത്തി സഹോദരങ്ങളെ സമൂഹത്തിൽ ഇടിച്ചുതാഴ്ത്തി സായൂജ്യംകൊള്ളുന്നവർക്ക് പാപബോധം ഉണ്ടാകട്ടെ. മറ്റുള്ളവരെ ശ്രേഷ്ഠരായി കരുതുക എന്നതുമാത്രമാണ് ഇതിനുള്ള പരിഹാരം. ക്രിസ്തുവിന്റെ ഗിരിപ്രഭാഷണങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതിലൂടെ സ്വഭാവരൂപീകരണത്തിന് സഹായകമാകും.

യിരെമ്യാവ് നിലവിളിച്ച അതേവാക്കുകൾ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നും നമുക്ക് ഏറ്റുചൊല്ലാം. “യഹോവേ, ഞങ്ങൾ മടങ്ങിവരേണ്ടതിന് ഞങ്ങളെ നിങ്കലേക്ക് മടക്കി വരുത്തേണമേ. പണ്ടെത്തെപ്പോലെ ഒരു നല്ലകാലം വരുത്തേണമേ” (വിലാപങ്ങൾ 5:21).



**വേർപാടിന്റെയും വിശുദ്ധിയുടെയും മതിലുകൾക്ക് വിള്ളലുകൾ വീണിരിക്കുന്നു. പിതാക്കന്മാർ കെട്ടിപ്പടുത്ത കോട്ടകളെ ഇളക്കിമാറ്റി പകരം ആധുനിക പ്രതിഭാസങ്ങൾക്കൊണ്ട് വെള്ളപൂശി ജനത്തെ വഴിതെറ്റിക്കുകയാണ്.**




For Advertisements & News Publishing Please Contact: 050-3241610, 055-3969791





ഷാർജ വർഷിപ്പ് സെന്ററിൽ നടന്ന 'മന്ന ലൈവ് ബൈബിൾ' റേഡിയോ സമർപ്പണ സമ്മേളനത്തിൽ ഗൾഫിലെ മലയാള റേഡിയോയിലെ ആദ്യ ശബ്ദമായ കെ.പി.കെ വേങ്ങരയ്ക്ക് മന്നയുടെ ഉപഹാരമായ ബൈബിൾ പാസ്റ്റർ എ.വി.സാം നൽകുന്നു. മന്ന ന്യൂസ് എഡിറ്റർ ഡെന്നി പുലിക്കോട്ടിൽ സമീപം.

# 'മന്ന ലൈവ് ബൈബിൾ' റേഡിയോ പ്രക്ഷേപണം ആരംഭിച്ചു

**അബുദബി:** തിരുവചനമൊഴികൾ കാതോർക്കുന്നവർക്കായി 'മന്ന വിഷൻ' ആരംഭക്കുന്ന സംസാരിക്കുന്ന മലയാളം ബൈബിൾ 'മന്ന ലൈവ് ബൈബിൾ ഡോട്ട് കോം' 11-11-11 വെള്ളിയാഴ്ച പ്രക്ഷേപണം ആരംഭിച്ചു. 10 ന് രാത്രി വർഷിപ്പ് സെന്ററിൽ നടന്ന സമ്മേളനത്തിൽ ഷാർജ പെന്തെക്കോസ്തൽ അസംബ്ലി സീനിയർ ശുശ്രൂഷകൻ പാസ്റ്റർ എ.വി. സാം സമർപ്പണ ശുശ്രൂഷയും 11 ന് രാത്രി മുസഫ ബ്രദറൺ ചർച്ച് സെന്ററിൽ നടന്ന സമ്മേളനത്തിൽ പാസ്റ്റർ എസക്കിയേൽ ജോഷ്വാ ഉദ്ഘാടനവും നിർവ്വഹിച്ചു. ഷാർജയിലെ സമ്മേളനം ദുബായ് ഇൻഡ്യൻ കോൺസുലേറ്റ് ലേബർ ആൻഡ് വെൽഫയർ വൈസ് കൗൺസിലർ ബാബു എൻ. തോമസ് ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ഗൾഫിലെ മലയാള റേഡിയോയിലെ ആദ്യ ശബ്ദമായ കെ.പി.കെ വേങ്ങര ബൈബിൾ നൽകി ആദരിച്ചു.

മനുഷ്യമനസ്സിന് സമാധാനവും സന്തോഷവും നൽകുവാൻ ബൈബിളിന് മാത്രമെ കഴികയുള്ളു എന്ന് കെ.പി.കെ. വേങ്ങര മറുപടി പ്രസംഗത്തിൽ പറഞ്ഞു. മന്ന ന്യൂസ് എഡിറ്റർ ഡെന്നി പുലിക്കോട്ടിൽ അദ്ധ്യക്ഷത വഹിച്ചു. ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായ പരിപാടി ചിട്ടയായി നടന്നത് വിശ്വാസികളിൽ സന്തോഷമേകി. 'നീ എൻ സ്വന്തം' സംഗീതോത്സവത്തോടനുബന്ധിച്ചായിരുന്നു പരിപാടി നടന്നത്.ഐഡിയാ സ്റ്റാർ സിംഗർ ഇമ്മാനുവേൽ ഹെൻഡ്രി, ബിനോയ്ചാക്കോ, ജിജി സാം, ജെയ്സൺ എന്നിവർ ഗാനങ്ങൾ ആലപിച്ചു. ചടങ്ങുകളിൽ സാംസ് റേഡിയോ ഡയറക്ടർ സ്റ്റാലി ജേക്കബ്, മന്ന ലൈവ് റേഡിയോ പ്രോഗ്രാം ഡയറക്ടർ ഇവാ. സാജൻ സക്കറിയാ ക്രിസ്ത്യൻട്രൻസ് മാസിക ഡയറക്ടർ ജോഷികോറോത്ത്, മലബാർ മിനിസ്ട്രീസ് ഡയറക്ടർ ജോണി ജോസഫ്, ഇംപാക്റ്റ് പ്രസിഡന്റ് ബിന്നി സി.മാത്യു മന്ന യു.എ.ഇ എഡിറ്റർ ഇൻ ചാർജ് സന്തോഷ് ഏബ്രഹാം, ഐ.സി.പി.എഫ് യു.എ.ഇ. കോർഡിനേറ്റർ സന്തോഷ് ഈപ്പൻ, എം.സി.സി. സെക്രട്ടറി ജോൺ മത്തായി, ആപ്കോൺ സെക്രട്ടറി വർഗീസ് ജേക്കബ്, ഷിബു മുള്ളംകാട്ടിൽ, റോജിൻ പൈനുംമൂട്, ഡാനിയേൽ വില്യംസ് എന്നിവർ പങ്കെടുത്തു. ഇന്റർനെറ്റിന്റെ ഉപയോഗം കൂടാതെ ജീവിക്കാൻ കഴിയാത്ത ഈ ആധുനിക കാലഘട്ടത്തിൽ മനുഷ്യമനസ്സിനെ ആശ്വസിപ്പിക്കുന്ന ബൈബിൾ വചനങ്ങൾ എപ്പോഴും ഏതുസമയത്തും എവിടെയും മലയാളിക്ക് ശ്രവിക്കുവാൻവേണ്ടിയാണ് ഇത് ആരംഭിക്കുന്നത്. മൂന്നു രാജ്യങ്ങളിൽ നിന്നും പ്രസിദ്ധീകരിക്കുന്നതും ഒരുലക്ഷത്തിലധികം വായനക്കാരുമുള്ള മന്ന വാർത്താപത്രിക ആരംഭിക്കുന്ന മന്ന ലൈവ് ബൈബിൾ ദൈവവചന കേൾവിക്ക് സ്വാതന്ത്ര്യമില്ലാത്ത രാജ്യങ്ങളിലുള്ള മലയാളികൾക്കും ആശ്വാസമാകും. ലോകസുവിശേഷീകരണത്തിനുവേണ്ടി മന്ന നടത്തുന്ന "വചനം വെളിച്ചം " പദ്ധതിയുടെ ഭാഗമായി നടത്തുന്ന മൂന്നാമത്തെ സംരംഭമാണ് manna livebible.com

## പിവൈപിഎ താലന്തുപരിശോധന: വർഷിപ്പ് സെന്റർ ജേതാക്കൾ

**ഷാർജ:** പിവൈപിഎ യുഎഇ റീജിയൻ താലന്തുപരിശോധനാ ഷാർജാ യൂണിയൻ ചർച്ചിൽ നടന്നു. ഗ്രൂപ്പ് സോങിൽ വർഷിപ്പ് സെന്റർ പിവൈപിഎ ഒന്നാം സ്ഥാനവും, ദുബായ് ഫിലദൽഫിയ പിവൈപിഎ രണ്ടാം സ്ഥാനവും നേടി. ഗ്രൂപ്പ് ബൈബിൾ ക്വസിൽ വർഷിപ്പ് സെന്റർ പിവൈപിഎ ഒന്നാം സ്ഥാനവും, അബുദബി പിവൈപിഎ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. വാക്യമെഴുക്ക് മത്സരത്തിൽ സൂസൻ സാം (വർഷിപ്പ് സെന്റർ പിവൈപിഎ) ഒന്നാം സ്ഥാനവും, മനോജ് തോമസ് (ഫിലദൽഫിയ പിവൈപിഎ) രണ്ടാം സ്ഥാനവും നേടി. പാസ്റ്റർ അലക്സ് ഏബ്രഹാം, ഷിബു ഉമ്മൻ, ലിനോ മാത്യു, ഷിബു മുള്ളംകാട്ടിൽ, റിജോ തോമസ് എന്നിവർ നേതൃത്വം നല്കി.

## പാസ്റ്റർ ഒ.സി. ബേബി യാത്രയായി



സുവിശേഷത്തിന്റെ സാക്ഷിയായി, വചനത്തിന്റെ സത്യങ്ങൾക്കുവേണ്ടി വിശുദ്ധിയോടെ ജീവിച്ച് കാരുണ്യത്തിന്റെ കരസ്പർശവുമായി കാലത്തിനൊപ്പം നടന്ന പാസ്റ്റർ ഒ. സി.ബേബിച്ചായൻ തന്റെ നൂറ്റാണ്ടിലെ വേലതികച്ച് കർത്തൃസന്നിധിയിലേക്ക് യാത്രയായി. കഴിഞ്ഞ 13 ന് ഞായറാഴ്ച സഭാരാധനയിൽ പ്രാർഥിച്ചുകൊണ്ടിരിക്കുമ്പോൾ നെഞ്ചിനു വേദന അനുഭവപ്പെടുകയും ദൈവസന്നിധാനം അണയുകയും ചെയ്തു.

1940 ൽ ജനിച്ച് നാട്ടിലെ വിദ്യാഭ്യാസത്തിനുശേഷം നാഗാലാന്റിലും ശേഷം 1975 മുതൽ 2001 വരെ അബുദബിയിൽ കുടുംബമായി പാർത്തു, ഐപിസി അബുദബി സഭയിൽ വിശ്വാസി, സുവിസേഷകൻ, പാസ്റ്റർ എന്നീ നിലകളിൽ ജോലിയോടൊപ്പം ദൈവവേലയിൽ വ്യാപൃതനായിരുന്നു. കുടുംബമായി ദൈവമക്കൾക്ക് ആശ്വാസവും കൈത്താങ്ങലുമായി നിന്നു. സമയഭേദം കൂടാതെ ദൈവമക്കളുടെ ആവശ്യങ്ങളിൽ ഇടിവിൽ നിന്ന് പ്രാർഥിക്കുവാനും കടന്നുചെന്ന് ആശ്വസിപ്പിക്കുവാനും ലേബർ ക്യാമ്പുകളിൽ കടന്നുചെല്ലുവാനും സഹോദരങ്ങൾക്കു വേണ്ട സ്നേഹവും പരിചരണവും നല്കുവാനും കുടുംബമായി അവർ വലിയ ഉത്സാഹം കാണിച്ചു. ദുബായ് കൊമേഴ്സ്യൽ ബാങ്കിലെ ജോലിയോടനുബന്ധിച്ച് തനിക്ക് ലഭിച്ച ഏതു സമയവും പ്രവർത്തനങ്ങളോടൊപ്പം പ്രാർഥിക്കുവാൻ ചെലവഴിച്ചു.

ഭാര്യ: റോസമ്മ, മക്കൾ: ബ്ലസി, ബെറ്റ്സി, ബിജോയ്, ബിൻസി എന്നിവരുമായി താൻ അമേരിക്കയിലും ശക്തമായി ദൈവത്തിനുവേണ്ടി പ്രവർത്തിച്ചു. സംസ്കാരം 19 ന് ഓതറ ഐപിസി സെമിത്തേരിയിൽ നടന്നു. പാസ്റ്റർ റ്റി.എസ്. ഏബ്രഹാം ശുശ്രൂഷകൾക്കു നേതൃത്വം നൽകി. തന്റെ ദേഹവിയോഗത്തോടനുബന്ധിച്ച് ഐപിസി അബുദബി അനുസ്മരണസമ്മേളനം നടത്തി.പാസ്റ്റർ ജോൺ വർഗീസ് അധ്യക്ഷത വഹിച്ചു. പാസ്റ്റർമാരായ തോമസ് വർഗീസ്, ശാമുവേൽ എം തോമസ്, ഒ.റ്റി.മാത്യുകുട്ടി എന്നിവർ സംസാരിച്ചു.

## ഷാർജയിൽ ഗൾഫ് പെന്തെക്കോസ്തൽ കോൺഫ്രൻസ്

**ഷാർജ:** പെന്തെക്കോസ്തു സഭകൾ ഏകോപിച്ചുകൊണ്ട് ജനുവരി 3-5 തീയതികളിൽ ഷാർജ വർഷിപ്പ് സെന്ററിൽ നടക്കുന്ന ഗൾഫ് പെന്തെക്കോസ്തൽ കോൺഫ്രൻസ് ആന്റ് കൺവൻഷന് ഒരുക്കങ്ങൾ ആരംഭിച്ചു. ലോകപ്രശസ്ത സുവിശേഷ പ്രഭാഷകനും കാലിഫോർണിയ ഫെയ്ത്ത് ഫുൾഗോസ്പൽ ചർച്ച് സീനിയർ ശുശ്രൂഷകനുമായ ബിഷപ്പ് കെന്നത്ത് ഉൾമർ പ്രസംഗിക്കും. കുമ്പനാട് കൺവൻഷനടക്കം ഇന്ത്യയിലെ പല പ്രമുഖ കൺവൻഷനുകളിൽ പ്രസംഗിച്ച ഉൾമർ പ്രശസ്ത ഉണർവു പ്രസംഗകനാണ്.

ദിവസവും രാത്രി 7.30 ന് നടക്കുന്ന പൊതുയോഗങ്ങൾക്കു പുറമെ 4,5 തീയതികളിൽ രാവിലെ 10 മുതൽ പവ്വർകോൺഫ്രൻസും ഒരുക്കിയിട്ടുണ്ട്. കോൺഫ്രൻസിന്റെ അനുഗ്രഹമായ നടത്തിപ്പിന് വേണ്ടി വിവിധ സഭാശുശ്രൂഷകരും വിശ്വാസികളും ചേർന്ന് വിപുലമായ കമ്മറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

ഐപിസി യുഎഇ റീജിയൻ പ്രസിഡന്റ് പാസ്റ്റർ വിൽസൻ ജോസഫ് (ചെയർമാൻ) ചർച്ച് ഓഫ് ഗോഡ് യുഎഇ നാഷണൽ ഓവർസീയർ റവ. ഡോ.കെ.ഒ.മാത്യു (പ്രസിഡന്റ്) എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ പ്രവർത്തനങ്ങൾ ആരംഭിച്ചു.

## യു.പി.എഫ് കൺവൻഷൻ സമാപിച്ചു

**ഷാർജ:** യുണൈറ്റഡ് പെന്തെക്കോസ്തൽ ഫെലോഷിപ്പ് വാർഷീക കൺവൻഷൻ ഷാർജ വർഷിപ്പ് സെന്ററിൽ നടന്നു. യു.പി.എഫ് പ്രസിഡന്റ് ഡോ. കെ.ഒ മാത്യു ഉദ്ഘാടനം ചെയ്തു. പാസ്റ്റർ. ജോസഫ് സാമുവേൽ (യു.എസ്.എ) പ്രസംഗിച്ചു. സെക്രട്ടറി വി.ഐ. ഐപ്പ്, ജോഷ്വാ എന്നിവർ നേതൃത്വം നൽകി.

## ഓർഡിനേഷൻ നൽകി

**മുസഫ:** ഐ.പി.സി. ഏബനേസർ സഭയുടെ സഹശുശ്രൂഷകരായിരുന്ന ഇവാ. തോമസൺ തോമസ്,ഇവാ. റ്റി.എം. ഏബ്രഹാം എന്നിവരുടെ ഓർഡിനേഷൻ ശുശ്രൂഷ ബ്രദറൺ ചർച്ച് സെന്ററിൽ നടന്നു. ശുശ്രൂഷകൾക്ക് ഐ.പി.സി ജനറൽ പ്രസ്ഡന്റ് പാസ്റ്റർ കെ.സി. ജോൺ, യു.എ.ഇ റീജിയൻ പ്രസിഡന്റ് പാസ്റ്റർ വിൽസൺ ജോസഫ്, സഭാശുശ്രൂഷകരായ പാസ്റ്റേഴ്സ് ജോർജ്ജ് മാത്യു സി ,ജേക്കബ് ശാമുവേൽ എന്നിവർ നേതൃത്വം നൽകി.

## ഐ.പി.സി. റീജിയൻ കൺവൻഷൻ 19 മുതൽ



**ഷാർജ:** ഐപിസി യുഎഇ റീജിയൻ കൺവൻഷൻ ഡിസംബർ 19 മുതൽ 21 വരെ ഷാർജ വർഷിപ്പ് സെന്ററിൽ നടക്കും. പാസ്റ്റർ വീയപുരം ജോർജുകുട്ടി (യുഎസ്എ) മുഖ്യപ്രഭാഷണം നടത്തും. വർഷിപ്പ് സിങേഴ്സ് ഗാനങ്ങൾ ആലപിക്കും. വിവിധ എമിറേറ്റുകളിൽ നിന്നും വിശ്വാസികളും ശുശ്രൂഷകന്മാരും പങ്കെടുക്കും.

പാസ്റ്റർമാരായ ജി.ഗീവർഗീസ്, വിൽസൻ ജോസഫ്, ഗേർസീം പി. ജോൺ, രാജൻ ഏബ്രഹാം, ബ്രദർ ബാബു മാത്യു, കോളിൻസ് മാത്യൂസ്, ഷിബു വർഗീസ് എന്നിവർ നേതൃത്വം നല്കും.

# മാത്യു വർഗീസ് സുവിശേഷവയലിൽ

സാം ഫിലിപ്പ്

“മാമാ കഹാം ഹേ” ഇതാണ് ബോധം കെട്ട് ഉറങ്ങിയിരുന്ന ഊമനായ ആറുവയസ്സുകാരൻ ശുഭം ഉറക്കത്തിൽ നിന്ന് എഴുന്നേറ്റപ്പോൾ ആദ്യം ചോദിച്ചത്. ഡൽഹിയിലെ ദബുവാ കോളനിയിലുള്ള ഈ ആറുവയസ്സുകാരൻ ജന്മനാൽ മന്ദബുദ്ധിയും ഊമനുമായിരുന്നു. കൂടാതെ തന്റെ ഹൃദയത്തിനും വൃക്കയ്ക്കും രോഗം ബാധിച്ചിരുന്നു. ഈ കുട്ടിയുടെ സൗഖ്യത്തിനുവേണ്ടിയാണ് ഡൽഹി വിശ്വകർമ്മാ കോളനിയിലെ ‘ദി അമേസിങ് ഗ്രേസ് ഇവാഞ്ചലിക്കൽ മിഷൻ’ സ്ഥാപകൻ പാസ്റ്റർ മാത്യു വർഗീസിന്റെ പക്കൽ പ്രാർഥിക്കുവാനായി കോളനിവാസികൾ കൊണ്ടുവന്നത്. ഈ കുട്ടിയുടെ സൗഖ്യത്തിനുവേണ്ടി പ്രാർഥിച്ച പാസ്റ്റർ പ്രത്യേക ആത്മനിയോഗത്താൽ കൂടെവന്നവരോട് പറഞ്ഞു: ഇവൻ സൗഖ്യമായി എന്ന്. അപ്പോഴാണ് സംസാരിക്കാത്ത ശുഭം എന്ന കുട്ടി, “എനിക്കുവേണ്ടി പ്രാർഥിച്ച വ്യക്തി എവിടെ” എന്നു ചോദിച്ചത്.

റാന്നി ചെത്തോങ്കര സ്വദേശിയായ മാത്യു വർഗീസ് 1990 ലാണ് ഡൽഹിയിൽ എത്തിയത്. ഉപജീവനത്തിനായി ഒരു ജോലി, ഇതായിരുന്നു തന്റെ ലക്ഷ്യം. ഒരു പ്രൈവറ്റ് കമ്പനിയിൽ പിന്നീട് ജോലി ലഭിക്കുകയും അതോടൊപ്പം ഇഗ്നോവിൽ നിന്നും ബി.എ പാസ്സാവുകയും ചെയ്തു.

1992 ൽ കടുത്ത വയറുവേദനയെത്തുടർന്ന് ആശുപത്രിയിലായ മാത്യുവിന് കിഡ്നി സ്റ്റോൺ ആണെന്ന് ഡോക്ടർമാർ പറഞ്ഞു. കൂടെ ഒരു ഞെട്ടിക്കുന്ന വാർത്തയും അവർ പറഞ്ഞു. ചികിത്സിച്ചു ഭേദമാക്കാനാവാത്ത ടി.ബി രോഗവും തനിക്കുണ്ടെന്ന്. ഈ വിവരം കേട്ടതോടെ മാത്യു ഏറെ ദുഃഖിതനായി. സ്നേഹനിധിയായ മാതാവിന്റെയും, മദ്യപാനിയായ പിതാവിന്റെയും പെട്ടെന്നുള്ള മരണം. അങ്ങനെ ജീവിതത്തിൽ പല പ്രതിസന്ധികളെയും തരണം ചെയ്തിട്ടുള്ള തനിക്ക് ഇതു താങ്ങാവുന്നതിലും അപ്പുറമായിരുന്നു. പണ്ട് മാർത്തോമാ പള്ളിയിൽ സണ്ടേസ്കൂളിൽ പഠിച്ച ആത്മീയവചനങ്ങൾ രോഗക്കിടക്കയിൽവെച്ച് ഓർത്തു. അതൊക്കെ ഓർത്തു കിടക്കുമ്പോഴാണ് ഡോക്ടർമാരുടെ അടുത്ത ഉപദേശം ഒന്നരലക്ഷം രൂപ മുടക്കി ഒരു ശസ്ത്രക്രിയ നടത്തിയാൽ താങ്കളുടെ രോഗം ഒരു പരിധിവരെ സുഖമാകും എന്നുള്ള വാർത്ത. 3000 രൂപ തികച്ചെടുക്കാൻ ഇല്ലാത്ത അവസ്ഥയിലാണ് ഒന്നരലക്ഷം രൂപയുടെ കാര്യം. വളരെയധികം വിഷമിച്ച് ഇരിക്കുമ്പോഴാണ് ആശ്വാസദായകനായ യേശു തന്നോട് ഇടപെടുന്നത്. നീ എന്റെ വചനവുമായി ഇറങ്ങിയാൽ നിന്റെ രോഗത്തെ ഞാൻ സൗഖ്യമാക്കാം എന്ന ഇമ്പസ്വരം തന്റെ കാതുകളിൽ കേൾക്കുവാൻ തുടങ്ങി. ആ ശബ്ദത്തിനു മുമ്പിൽ ഏല്പിച്ചുകൊടുത്ത തന്നെ അക്ഷരാർഥത്തിൽ യേശു സൗഖ്യമാക്കി.

രോഗക്കിടക്കയിൽ കർത്താവ് നേരിട്ട് സൗഖ്യമാക്കിയ മാത്യു വർഗീസ് ഇന്ന് ആയിരങ്ങൾക്ക് യേശുവിന്റെ വചനം പകർന്നു നല്കുന്നു. അതോടൊപ്പം സൗജന്യമായി രോഗസൗഖ്യവും. പരിശുദ്ധാത്മാവാൽ നിറയപ്പെട്ട താൻ പൂർണസൗഖ്യവാനായി എന്നതിനു തെളിവായി. പിന്നീട് കിട്ടിയ മെഡിക്കൽ റിപ്പോർട്ടുകളിൽ മുഴുവൻ കിഡ്നിസ്റ്റോണുകൾ അപ്രത്യക്ഷമായതിന്റെതായിരുന്നു. പിന്നീട് കൽക്കാഴി ഫിലദൽഫിയ ഫെലോഷിപ്പ് ചർച്ചിൽ ആരാധനയ്ക്ക് സംബന്ധിച്ച് അവിടെ സ്നാനപ്പെടുകയും ചെയ്തു.

ഡൽഹിയിൽ ഇ.എസ്.ഐ. ആശുപത്രിയിൽ സ്റ്റാഫ് നേഴ്സായ റീനയാണ് ഭാര്യ. ഹെബ്സീബാ, ഷാലോം, ബഥേൽ എന്നിവരാണ് മക്കൾ.



തുടക്കത്തിൽ പറഞ്ഞ ഊമനായ ശുഭത്തിന്റെ കാര്യം പോലെ തന്നെ അനേകം അത്ഭുതങ്ങളും അടയാളങ്ങളും വിശ്വകർമ്മ കോളനിയിലുള്ള ചർച്ചിൽ ദിവസവും നടക്കുന്നു. ആയിരക്കണക്കിന് ആളുകളാണ് ഇവിടെ ഞായറാഴ്ച ആരാധനയ്ക്കായി എത്തുന്നത്. കൂടുതലും ഹൈന്ദവമാർഗത്തിൽ നിന്നും ക്രിസ്തുവിന്റെ സ്നേഹം അറിഞ്ഞവർ. പാസ്റ്റർ മാത്യു സാമുവൽ, ബിപിൻ തോമസ്, കോമൽ റാബാ എന്നിവർ പാസ്റ്റർ മാത്യു വർഗീസിനെ ശുശ്രൂഷയിൽ സഹായിക്കുന്നു. എല്ലാ ഞായറാഴ്ചയും രാവിലെ എട്ടരയ്ക്ക് ആരംഭിക്കുന്ന സണ്ടേസ്കൂളിൽ 200-ൽപരം കുട്ടികൾ പഠിക്കുന്നു. പിന്നീട് നടക്കുന്ന ആരാധനയിൽ മുക്കാൽ മണിക്കൂറോളം പാട്ടുകൾക്കാണ് മുഖ്യസ്ഥാനം. ഇതിനുശേഷം ഭൂത-പ്രേത-പിശാചുക്കളുടെ വിട്ടുപോക്ക് നേരിട്ടുകാണാം.

എല്ലാ ഞായറാഴ്ചകളിലും അനേകർ ഇങ്ങനെ വിടുവിക്കപ്പെടുന്നു. ഡൽഹിയിൽ പ്രാർഥിച്ച് ആരംഭിച്ച ഈ പ്രസ്ഥാനത്തിന് ഇന്ന് ഹരിയാന, യു.പി, ബീഹാർ, ഉത്തരാഞ്ചൽ എന്നിവിടങ്ങളിലായി 20 വേലസ്ഥലങ്ങൾ ഉണ്ട്.

ബാല്യത്തിൽ അഭിമുഖീകരിച്ച കഷ്ടപ്പാടുകളിൽ നിന്നും വിടുവിച്ച കർത്താവ് ഇന്നും അതിശയകരമായി നടത്തുന്നു എന്നതിൽ തികഞ്ഞ ചാരിതാർഥ്യവുമായി ജീവിക്കുന്ന പാസ്റ്റർ മാത്യു വർഗീസ് അനേക രോഗികൾക്കുവേണ്ടി പ്രാർഥിച്ച് അവരെ സൗഖ്യമാക്കി സമൂഹത്തിൽ കഷ്ടപ്പെടുന്ന അനേകരെ കർത്താവിനുവേണ്ടി ആദായപ്പെടുത്തുന്നു. കർത്തൃദാസനെ ബന്ധപ്പെടുവാനുള്ള നമ്പർ: 050 9684008

യു.പി. ബിഹാർ, ഹരിയാന എന്നിവിടങ്ങളിൽ നിന്ന് ജോലിതേടി വന്നു ഡൽഹിയിൽ വളരെ താഴ്ന്ന ശമ്പളത്തിൽ ജോലി ചെയ്യുന്നവർ ആണ് കൂടുതലും സഭയിൽ വരുന്നത്. ഓരോ ഞായറാഴ്ചയിലും 30-50നു ഇടയിൽ പുതിയതായി ആൾക്കാർ കടന്നുവന്നു വിടുതൽ പ്രാപിക്കുന്നു. വിടുതൽ പ്രാപിക്കുന്നവർ തങ്ങളുടെ ഗ്രാമത്തിൽ പോയി വിവരം പറയുകയും ദൈവദാസൻ ആ ഗ്രാമത്തിൽ കടന്നു ചെന്നു വചനഘോഷണം നടത്തി രോഗികൾക്കുവേണ്ടി പ്രവർത്തിക്കുന്നു. തൽസമയം രോഗികൾ വിടുവിക്കപ്പെടുന്നു. ഭൂതങ്ങൾ വിട്ടുപോകുന്നു. ഉത്തരഭാരതത്തിൽ ഒരു സഭ സ്ഥാപിക്കാൻ ചില മണിക്കൂർ മതി. കാരണം, വചനം പറഞ്ഞു പ്രാർത്ഥിക്കുമ്പോൾ അവിടെ ഒരു കൂടി വരവ് ഉണ്ടാകുന്നു. എന്നാൽ ഈ നാളുകളിൽ നമുക്കു ആവശ്യം വിശ്വസ്തരായ വേലക്കാരെ ആണ്. അതിനുവേണ്ടി നിങ്ങൾ ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യുക. അപ്പോൾതന്നെ നിങ്ങൾ കടന്നു വന്നു ഞങ്ങളോട് ഒന്നിച്ച് ഈ ഗ്രാമങ്ങളിൽ കർത്താവിന്റെ വേലചെയ്യാം. നമ്മുടെ ദൈവം വലിയവൻ!

ഡൽഹിയിൽ വേലചെയ്യുന്ന അനേക ദൈവദാസന്മാർ ഉണ്ട്. എന്നാൽ ചേരി പ്രദേശങ്ങളിൽ പോയി കർത്താവിന്റെ സ്നേഹത്തെ പറ്റിപറയുന്നവർ തുലോം കുറവാണ്. അങ്ങനെയുള്ള ചേരി പ്രദേശങ്ങളിൽ പാസ്റ്റർ മാത്യു വർഗ്ഗീസും തന്റെ ഭാര്യ റീനയും കൂടികടന്നുപോയി പ്രവർത്തിക്കുകയും അനേകർ വിടുതൽ പ്രാപിക്കയും ചെയ്യുന്നു. ഈ ദൈവദാസന്റെ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിച്ചാലും.

Contact No: India 00919818482781
UAE 050 5396132 (Sam Philip)



With best Compliments from
Malabar Ministry



# ഡോ. പോൾ യോംഗിചോ അബുദബിയിൽ



**അബുദബി:** ലോകത്തിലെ ഏറ്റവും വലിയ പെന്തെക്കോസ്തു സഭയായ സൗത്ത് കൊറിയ യോയിഡോ ഫുൾഗോസ്പൽ ചർച്ച് സീനിയർ പാസ്റ്റർ പോൾ യോംഗിചോ അബുദബിയിൽ പ്രസംഗിക്കും.

അബുദബിയിൽ 2012 പെബ്രുവരി 16,17 തീയതികളിൽ നടക്കുന്ന സമാധാനസമ്മേളനത്തിലാണ് പ്രസംഗിക്കുന്നത്. ഏകദേശം പത്തുലക്ഷത്തിലധികം വിശ്വാസികളുള്ള സഭയുടെ പാസ്റ്ററായ യോംഗിചോ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ 50 രാജ്യങ്ങളിൽ നടക്കുന്ന നാഷണൽ ഗോസ്പൽ ടൂറിന്റെ ആരംഭം കുറിച്ചുകൊണ്ടാണ് അബുദാബിയിലെ പരിപാടി. പെന്തെക്കോസ്തൽ ഫെലോഷിപ്പ് ഓഫ് ഇന്ത്യ ദേശീയ സെക്രട്ടറി പാസ്റ്റർ ആർ. ഏബ്രഹാമിന്റെ നേതൃത്വത്തിൽ കൺവൻഷനുവേണ്ടിയുള്ള ഒരുക്കങ്ങൾ ആരംഭിച്ചു.



*ഐ.പി.സി. ഫിലദൽഫിയ വർഷിപ്പ് സെന്റർ പാസ്റ്റർ കെ.സി. ജോൺ ഉദ്ഘാടനം ചെയ്യുന്നു.*

## ദൈവിക അഭിഷേകത്തിലേക്ക് മടങ്ങിവരിക: പാസ്റ്റർ കെ.സി. ജോൺ

**മുസഫ:** ഈ അന്ത്യകാലത്ത് ആത്മാക്കളെ നേടാൻ ശക്തമായ ദൈവിക അഭിഷേകത്തിലേക്ക് വിശ്വാസികൾ മടങ്ങിവരണമെന്ന് ഐ.പി.സി. ജനറൽ പ്രസിഡന്റ് പാസ്റ്റർ കെ.സി. ജോൺ പറഞ്ഞു. ഫിലദൽഫിയ വർഷിപ്പ് സെന്റർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ദൈവത്തിന്റെ ഉദ്ദേശ്യത്തിനുവേണ്ടി വ്യക്തികളിൽ നല്കുന്നതാണ് അഭിഷേകം. പഴയനിയമകാലത്ത് അഭിഷേകം കർമമായിരുന്നു. എന്നാൽ ഇന്ന് അതല്ല. യേശുക്രിസ്തുവിന്റെ അഭിഷേകത്താൽ തുടങ്ങിയത് ഇന്ന് സഭയിൽ തുടരാനാണ് ദൈവം ആഗ്രഹിക്കുന്നത്. അദ്ദേഹം പറഞ്ഞു. ക്രിസ്തുവാകുന്ന ശിരസിന്മേൽ ഒഴുകിയ അഭിഷേകം സഭയാകുന്ന ശരീരത്തിലേക്ക് ഒഴുകി. യേശുക്രിസ്തുവിന്മേൽ വന്ന അതേ പരിശുദ്ധാത്മാവ് നമ്മുടെമേലും പകർന്നിരിക്കുന്നതെന്ന് അറിഞ്ഞ് പ്രവർത്തിക്കുകയാണ് വിശ്വാസികളുടെ കടമയെന്നും അദ്ദേഹം പറഞ്ഞു. യു.എ.ഇ. റീജിയൻ പ്രസിഡന്റ് പാസ്റ്റർ വിൽസൻ ജോസഫ് അധ്യക്ഷത വഹിച്ചു. പാസ്റ്റർ ജോൺ വർഗീസ് സങ്കീർത്തനം വായിച്ചു. പാസ്റ്റർമാരായ തോമസ് വർഗീസ്, രാജൻ ഏബ്രഹാം, ജേക്കബ് സാമുവേൽ, പി.റ്റി. പ്രസാദ്, റവ. രാജു വർക്കി, ജോൺസൺ ശാമുവേൽ, കെ.ജെ.ജോർജുകുട്ടി എന്നിവർ ആശംസകൾ അറിയിച്ചു. ഇവാ. പി.എം. ഫിലിപ്പ് സ്വാഗതവും, പാസ്റ്റർ മൊറായിസ് പോൾ നന്ദിയും പറഞ്ഞു.

## ആത്മസ്വഭാവം ഉള്ളവരാകുക: പാസ്റ്റർ കെ.കെ. ചെറിയാൻ

**ഷാർജ:** ആത്മസ്വഭാവം ഉള്ളവർക്കേ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുകയുള്ളൂവെന്ന് പ്രശസ്തസുവിശേഷപ്രഭാഷകൻ പാസ്റ്റർ കെ.കെ.ചെറിയാൻ പറഞ്ഞു. ഐപിസി വർഷിപ്പ് സെന്റർ പിവൈപിഎ വാർഷിക കൺവൻഷനിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ജഡചിന്തകൾ വിട്ട് ദൈവികചിന്തയിലേക്ക് വിശ്വാസികൾ മടങ്ങിവരണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. സഭാശുശ്രൂഷകൻ പാസ്റ്റർ വിൽസൻ ജോസഫ് അധ്യക്ഷത വഹിച്ചു. വർഷിപ്പ് സെന്ററിൽ നടന്ന ത്രിദിന കൺവൻഷനിൽ വർഷിപ്പ് സിങ്ങേഴ്സ് ഗാനങ്ങൾ ആലപിച്ചു.

## ഏഴു പാക്കിസ്ഥാനി സഭകൾ ചർച്ച് ഓഫ് ഗോഡ് യുഎഇ റീജിയനിൽ

**ഷാർജ:** യുഎഇ യുടെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ഏഴു പാകിസ്ഥാനി പെന്തെക്കോസ്തു സഭകൾ ചർച്ച് ഓഫ് ഗോഡ് യുഎഇ റീജിയനോടു ചേർന്നു പ്രവർത്തിക്കുവാൻ തീരുമാനിച്ചു. നവംബർ ആറിനു റീജിയൻ ഓവർസീയർ റവ. കെ.ഒ. മാത്യുവിന്റെ അധ്യക്ഷതയിൽ ചേർന്ന റീജിയൻ കൗൺസിൽ ഇതിന് അംഗീകാരം നല്കി.

പാസ്റ്റർമാരായ ആയൂബ് പീറ്റർ (ഗ്ലോറിയസ് ക്രൈസ്റ്റ് ചർച്ച്), ഇല്യാസ് നവാബ് (ഇന്റർനാഷണൽ ഫുൾഗോസ്പൽ ഫെലോഷിപ്പ്), സുഹൈൽ ലെസ്ളി പീറ്റർ (ഗോഡ്സ് ചർച്ച് ഇൻ മിഡിൽ ഈസ്റ്റ്), ബഷീർ ബഹദൂർ (മിനിസ്ട്രി ഓഫ് ഹോളി സിപിരിറ്റ്), ഹാരീസ് ഹുസൈൻ (അഗാപ്പേ ഫെലോഷിപ്പ് ചർച്ച്), ഇമ്മാനുവേൽ കോഹാർ (ഇഞ്ചിലി കളീസിയ), ജാവേദ് എം. ഇനായത്ത് (ഇവാഞ്ചലിക്കൽ ചർച്ച് ഓപ് അലയ്ൻ) എന്നിവർ നേതൃത്വം നല്കുന്ന സഭകളാണ് ദൈവസഭയോടു ചേർന്നത്.

2006 ൽ ആണ് റവ. കെ.ഒ. മാത്യു യുഎഇ നാഷണൽ ഓവർസീയറായി ചുമതലയേറ്റത്. ഇപ്പോൾ യുഎഇയിൽ ചർച്ച് ഓഫ് ഗോഡിന് 61 ശുശ്രൂഷകരും 55 സഭകളുമുണ്ടെന്ന് റവ. കെ.ഒ. മാത്യു പറഞ്ഞു. പാസ്റ്റർ ജോസഫ് മല്ലശ്ശേരി (സെക്രട്ടറി), വർഗീസ് ജോർജ്ജ് (ട്രഷറർ) എന്നിവരടങ്ങുന്നു വിപുലമായ കമ്മറ്റിയാണ് നേതൃത്വം നല്കുന്നത്.

newsmanna.com

## റ്റി.പി.എം. മിഡിൽ ഈസ്റ്റ് കൺവൻഷൻ സമാപിച്ചു

**ഷാർജ:** കർത്താവിന്റെ വരവ് അടുത്തിരിക്കുന്ന ഈ സമയത്ത് വിശുദ്ധിയോടെ വിശ്വാസികൾ ജീവിക്കണമെന്ന ആഹ്വാനത്തോടെ റ്റി.പി.എം. മിഡിൽ ഈസ്റ്റ് കൺവൻഷൻ സമാപിച്ചു. യൂണിയൻ ചർച്ചിൽ നടന്ന ത്രിദിന കൺവൻഷന് ഗൾഫിന്റെ വിവിധഭാഗങ്ങളിൽ നിന്നായി നൂറുകണക്കിന് വിശ്വാസികൾ പങ്കെടുത്തു. 25 ന് വെള്ളിയാഴ്ച നടന്ന വിശുദ്ധ സഭായോഗത്തോടെയാണ് മിഡിൽ ഈസ്റ്റിലെ ഏറ്റവും വലിയ പെന്തെക്കോസ്തു സംഗമത്തിന് തിരശ്ശീല വീണത്. ദിവസവും വൈകിട്ട് നടന്ന സുവിശേഷപ്രഭാഷണവും രോഗശാന്തി ശുശ്രൂഷകൾക്കും പുറമെ രാവിലെ കാത്തിരിപ്പുയോഗവും ബൈബിൾ ക്ലാസും നടന്നു. ചീഫ് പാസ്റ്റർ വിൽസൺ ജോസഫ്, ഡെപ്യൂട്ടി ചീഫ് പാസ്റ്റർ വെസ്ലി പീറ്റർ, പാസ്റ്റർ എൻ സ്റ്റീഫൻ എന്നിവർ പ്രസംഗിച്ചു. മിഡിൽ ഈസ്റ്റ് സെന്റർ ശുശ്രൂഷകൻ പാസ്റ്റർ സണ്ണി ജോർജ്ജ് നേതൃത്വം നല്കി.

## ഐ.സി.പി.എഫ് വിദ്യാർഥി ക്യാമ്പുകൾ 17 മുതൽ

**അബുദബി:** ഇന്റർകോളജിയേറ്റ് പ്രയർ ഫെലോഷിപ്പ് (ഐസിപിഎഫ്) ക്രിസ്തുമസ് പുതുവത്സര അവധിയോടനുബന്ധിച്ച് നടത്തുന്ന വിദ്യാർഥി ക്യാമ്പുകൾ യുഎഇയുടെ വിവിധ ഭാഗങ്ങളിൽ ഡിസംബർ 17 മുതൽ ആരംഭിക്കുമെന്ന് യുഎഇ റീജിയൻ കോർഡിനേറ്റർ സന്തോഷ് ഈപ്പൻ അറിയിച്ചു. ക്യാമ്പുകളിൽ പ്രശസ്ത വർഷിപ്പ് ലീഡറും യുവപ്രഭാഷകനുമായ ഇവാ. വി.ജെ.ട്രാവൻ, ഐസിപിഎഫ് ഗൾഫ് സ്റ്റാഫ് വർക്കർ ജെറിൻ ശങ്കരമംഗലം എന്നിവർ ക്ലാസുകൾ എടുക്കും. 17, 18 തീയതികളിൽ അലൈൻ ഒയാസിസ് ഓഡിറ്റോറിയത്തിലും, 24,25 തീയതികളിൽ റാസൽ ഖൈമ ചർച്ച് സെന്ററിലും 26,27 തീയതികളിൽ ഉമ്മൽ കൊയിൻ ചർച്ചിലും 31ന് ഷാർജ യൂണിയൻ ചർച്ചിലും ജനുവരി 2ന് ഫുജറയിലും 7 ന് അബുദബി ഇവാഞ്ചലിക്കൽ ചർച്ചിലുമാണ് ക്യാമ്പ് നടക്കുക. എല്ലായിടങ്ങളിലും രാവിലെ 9 മുതൽ 4 വരെയാണ് ക്യാമ്പ്. ക്യാമ്പിനോടനുബന്ധിച്ച് 5 വയസ്സുമുതൽ 11 വയസ്സുവരെയുള്ള കുട്ടികൾക്ക് പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ഇതിന് എക്സെൽ വി.ബി.എസ്. മിനിസ്ട്രി ഡയറക്ടർ ഇവാ. അനിൽ ഇലന്തൂർ നേതൃത്വം നല്കും.


If you are looking for intensive preparation in
Language Testing System
or
RN Programs
we provide:
- OET & IELTS (for nurses)
- IELTS (for students and skilled workers)
- Job prospects in Auz and NZ (for nurses)
- NCLEX, MOH, HAAD (for nurses)

Contact:
050 4556032



MATRIMONIAL

എം.ബി.എ. ബിരുദധാരിയും അബുദാബിയിൽ ജോലിയുള്ളതുമായ പെന്തെക്കോസ്തു യുവാവ് (27/5'7"). അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഗൾഫിൽ ജോലിയുള്ളവർക്ക് മുൻഗണന.
Ph: 055-4950629, +91-9833010706,
email: vmthwstar@gmail.com



എല്ലാവിധ സംഗീത ഉപകരണങ്ങൾക്കും
New Mountain
Music Instruments Trading Co. LLC
യാർമുക്, യൂണിയൻ ചർച്ചിനു സമീപം, ഷാർജ
ഫോൺ 050-5857110/7398434



ഗ്രേസ് & ഗ്ലോറി മിനിസ്ട്രീസ്
(ഫുൾ ഗോസ്പൽ ചർച്ച്)
ദുബായ്, യു.എ.ഇ.



ചീഫ് പാസ്റ്റർ
സോനു ചെറിയാൻ ഉമ്മൻ
മൊബൈൽ 050 5492012, 055 9406928
Email: sonuggmuae@gmail.com

ആരാധനാ സമയം
എല്ലാ വെള്ളിയാഴ്ചയും കുട്ടികളുടെ ആരാധന: വൈകിട്ട് 5.15-6.10 വരെ.
ആരാധന: വൈകിട്ട് 6.15-8.30 വരെ
എല്ലാ തിങ്കളാഴ്ചയും വൈകിട്ട് 8.00-10.00 വരെ ഷർജാ വർഷിപ് സെന്ററിൽ
പ്രെയ്സ് & വർഷിപ്: വിങ്സ് ഓഫ് സെറാഫിയൻസ്
നിങ്ങളുടെ പ്രാർഥനാ വിഷയങ്ങൾക്ക് ഏതു സമയവും ബന്ധപ്പെടാവുന്നതാണ്.
കടന്നുവരിക; അനുഗ്രഹം പ്രാപിക്കുക



അസോസിയേറ്റ് പാസ്റ്റർ
ജോൺ മോറിസ് സാമുവേൽ
മൊബൈൽ 050 2446569
Email: john_samuel171@yahoo.com

ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു. എന്നെ അനുഗമിക്കുന്നവർ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവർ ആകും എന്നു പറഞ്ഞു (യോഹന്നാൻ 8:12)



## ദൈവരാജ്യം മറ്റുള്ളവരിലേക്ക് പകരുക: പാസ്റ്റർ എസക്കിയേൽ ജോഷ്വാ

**ഷാർജ:** വിശുദ്ധജീവിതം നയിക്കുന്നവന് മാത്രമേ ദൈവരാജ്യം മറ്റൊരുവനിലേക്ക് പകരപ്പെടുവാൻ കഴിയുകയുള്ളൂ എന്ന് പ്രശസ്ത സുവിശേഷകനും പ്രഭാഷകനും മിഷനറിയുമായ പാസ്റ്റർ എസക്കിയേൽ ജോഷ്വാ പറഞ്ഞു. ബിലിവേഴ്സ് ഫോറം ഫോർ ക്രൈസ്റ്റ് ഷാർജ യൂണിയൻ ചർച്ചിൽ സംഘടിപ്പിച്ച പൊതുസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വിശുദ്ധജീവിതം ജീവിതാവസാനംവരെയുള്ള മാനസാന്തരത്തിലൂടെ മാത്രമേ സാധ്യമാകുകയുള്ളൂ. ഈ പാപലോകത്തിൽ ജീവിക്കുമ്പോൾ വീഴ്ചകൾവരാറുണ്ട് എന്നാൽ അതിൽ നിന്ന് എഴുന്നേൽക്കുകയാണ് വിശ്വാസിക്ക് വേണ്ടതെന്നും അദ്ദേഹം പറഞ്ഞു. നൂറ് വട്ടം വീണാലും എഴുന്നേൽക്കുക മാത്രമാണ് ചെയ്യേണ്ടത്. ഞാൻ വീണില്ല എന്ന ചിന്തയിൽ അവിടെ കിടക്കുകയാണ് ഇന്നത്തെ വിശ്വാസിസമൂഹം. അത് മാറണം. നമ്മുടെ ലക്ഷ്യം സ്വർഗ്ഗമാണ്. ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ പാപങ്ങളും പാപസ്വഭാവങ്ങളും വരാം. എന്നാൽ വിട്ടോടി ജീവിച്ച് ദൈവരാജ്യരാജ്യത്തിന്റെ ഭാഗമാകണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. ഏ.ജി റീജിയൻ പ്രസിഡന്റ് പാസ്റ്റർ പി.ഡി. ജോയിക്കുട്ടി അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ ജിജി ജോൺ സാമുവേൽ, രാജൻ ചെറിയാൻ, ബിന്നി സി. മാത്യു എന്നിവർ നേതൃത്വം നൽകി.

## ബൈബിൾ ക്ലാസ്സ് നടത്തി

**ഷാർജ:** അപ്പോസ്തലിക് മലയാളം സഭയുടെ ആഭിമുഖ്യത്തിൽ 'നിത്യത' എന്ന വിഷയത്തെക്കുറിച്ച് ബൈബിൾ ക്ലാസ്സ് നടത്തി പാസ്റ്റർ രാജേഷ് ഏലപ്പാറ പ്രസംഗിച്ചു.

## മക്കളുടെ എണ്ണംകുറഞ്ഞത് ആശങ്കാജനകം: എസക്കിയേൽ ജോഷ്വാ

**ദുബായ്:** കേരളത്തിലെ ക്രൈസ്തവ കുടുംബങ്ങളിൽ മക്കളുടെ എണ്ണം കുറഞ്ഞത് ആശങ്കാജനകമാണെന്ന് ഡോ. എസക്കിയേൽ ജോഷ്വാ പറഞ്ഞു. ദുബായ് എബനേസർ പിവൈപിഎ സംഘടിപ്പിച്ച സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. സുഖലോലുപതയ്ക്ക് വേണ്ടി മക്കളുടെ എണ്ണം പരമാവധി കുറയ്ക്കുകയാണ്. കേരളത്തിലെ നമ്മുടെ പല വീടുകളിലും താമസിക്കുവാൻ ആളില്ല. വളരെ ഗൗരവമായി ചിന്തിക്കേണ്ട വിഷയമാണിതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

പാസ്റ്റർ കെ.വൈ.തോമസ് അധ്യക്ഷത വഹിച്ചു. പി.വൈ.പി.എ സെക്രട്ടറി ബ്ലസൻ വർഗീസ് നേതൃത്വം നല്കി.



*ഷാർജ വർഷിപ്പ് സെന്ററിൽ നടന്ന പി.എം.ജി. കോൺഫ്രൻസ് പാസ്റ്റർ കെ. കെ. ജോസഫ് കോൺഫ്രൻസ് ഉദ്ഘാടനം ചെയ്യുന്നു.*

## പി. എം. ജി. ഗൾഫ് കോൺഫ്രൻസ്

**ഷാർജ:** പെന്തക്കോസ്തൽ മാറാനാഥ ഗോസ്പൽ ചർച്ച് (പി.എം.ജി.) ഗൾഫ് ചാപ്റ്റർ ഫാമിലി കോൺഫ്രൻസും വാർഷീകകൺവൻഷനും. ഷാർജ വർഷിപ്പ് സെന്ററിൽ നടന്നു.സഭയുടെ ജനറൽ പ്രസിഡന്റ് പാസ്റ്റർ കെ.കെ. ജോസഫ് കോൺഫ്രൻസ് ഉദ്ഘാടനം ചെയ്തു. ശിഷ്യത്വം എന്ന വിഷയത്തെ ആസ്പദമാക്കി റവ. ഷോൺ ടീൽ, ഡോ. കോശി വൈദ്യൻ, പാസ്റ്റർ എം.എം. വർഗ്ഗീസ് എന്നിവർ സംസാരിച്ചു. ഗൾഫിലെ വിവിധ രാജ്യങ്ങളിൽ നിന്നായി പ്രതിനിധികൾ പങ്കെടുത്തു. ദിവസവും രാത്രി നടന്ന പൊതുയോഗങ്ങളിൽ റവ. ഷോൺ ടീൽ പ്രസംഗിച്ചു. പി.എം.ജി.സി. വർഷിപ്പേഴ്സ് ഗാനശുശ്രൂഷക്ക് നേതൃത്വം നൽകി. പാസ്റ്റേഴ്സ്. ചെറി സഖറിയാ, സാമുവേൽ സൈമൺ എന്നിവർ നേതൃത്വം നൽകി.



# ആ സ്വരമാധുരി ഇനി കർത്താവിനുവേണ്ടി

**ഗ്ലെന്നി പി.സി.**

**തി**രമാലകളെയും അതിജീവിച്ച് ലക്ഷ്യത്തോടടുത്ത സന്തോഷമാണ് വിജുവിന്റെ മുഖത്ത് ഇന്ന് നിഴലിടുന്നത്. ഉയർച്ചകളുടെയും താഴ്ചകളുടെയും കയത്തിലൂടെ ഉയർന്നുതാഴുമ്പോളും ഒരുനാൾ ഉള്ളിൽ കൊളുത്തിയ ആത്മപ്രകാശം അണഞ്ഞുപോയിരുന്നില്ല. ജീവിത വഴിയുടെ മുമ്പും പിമ്പും അടഞ്ഞുപോയപ്പോഴും കരുണാമയനായ ദൈവം തന്റെ വൻകരങ്ങൾ ഈ യുവാവിന്റെമേൽ വെച്ചിരുന്നു, അല്ലെങ്കിൽ പ്രശസ്ത റോക്ക് ഗായകൻ വിജുവിന്റെ ശബ്ദം ക്രിസ്തീയ സ്റ്റേജുകളിൽ ഇന്ന് മുഴങ്ങുമായിരുന്നില്ല.

കൊച്ചിയിൽ പരേതനായ കടക്കൽ വർഗീസിന്റെയും ഗ്രേസിയുടെയും ഏകമകനാണ് വിജു. കത്തോലിക്കാ സമുദായത്തിൽ ഉൾപ്പെട്ട ഈ കുടുംബം ഏതാനും വർഷങ്ങൾക്കു മുമ്പ് പെന്തെക്കോസ്തു വിശ്വാസം സ്വീകരിച്ചു. വിശ്വാസത്താൽ ക്യാൻസറിനെ കീഴടക്കിയ കടക്കൽ വർഗീസ് ഉറച്ച പെന്തെക്കോസ്തുകാരനായി ജീവിച്ച് വർഷങ്ങൾക്ക് മുമ്പ് നിത്യതയിൽ ചേർക്കപ്പെട്ടു. പിതാവിന്റെ വിശ്വാസപാത ചെറിയപ്രായത്തിൽ വിജുവിന് അന്യമായിരുന്നു. കോളജ് ജീവിതത്തിന്റെ മരുപ്പച്ചകളിലൂടെ റോക്ക് മാറി ഓടിയ വിജു ജെരമ്യാ ട്രാവനെ (വി.ജെ.ട്രാവൻ) ദൈവം പിടിച്ചുനിർത്തി... "നീ എന്നിൽ നിന്നും മാറി എവിടേക്കാണ് ഓടുന്നത്..." എന്ന ദൈവശബ്ദത്തിനു മുമ്പിൽ സ്വയം സമർപ്പിക്കപ്പെട്ട ഈ യുവാവ് പിതാവിനോടൊത്ത് ആത്മീയ കൂട്ടായ്മകളിൽ സജീവ പങ്കാളിയായി. യേശുവിനെ രക്ഷകനായി സ്വീകരിച്ചു. വിശ്വാസസ്നാനവും പരിശുദ്ധാത്മനിറവും പ്രാപിച്ചു. പിന്നീട്, സുവിശേഷവേലയ്ക്ക് ഹൃദയം നിറഞ്ഞ ആവേശമായിരുന്നു. പാസ്റ്റർ പി.കെ. ചാക്കോയുടെ ശിക്ഷണത്തിൽ കുറച്ചുനാൾ വേദപഠനം നടത്തിയ താൻ, കർത്തൃദാസൻ വാര്യാപുരം യോനാച്ചായനോടൊത്ത് പലപ്പോഴായി ഒട്ടേറെസമയം പ്രാർഥനയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. ഹൃദയത്തിൽ സുവിശേഷ അഗ്നി കത്തിപ്പടർന്ന വിജുവിന് പോർക്കളത്തിൽ അധികം നാൾ മുന്നോട്ടു പോകുവാൻ കഴിഞ്ഞില്ല. വിശ്വാസസമൂഹത്തിൽ നിന്നും നേരിടേണ്ടി വന്ന ചില കയ്പേറിയ അനുഭവങ്ങൾ ഉള്ളിൽ കരിനിഴൽ വീഴ്ത്തി. മുറിവേറ്റ മനസ്സുമായി താൻ തിരിഞ്ഞുനടന്നു.

പിന്നീട് ദൈവത്തിൽ നിന്ന് വരദാനമായി ലഭിച്ച സംഗീതത്തെ താലോലിച്ച് ലോകത്തിന്റെ പുറകെ കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ ഓടി റോക്ക് മ്യൂസിക്കിൽ ആകൃഷ്ടനായ ഈ യുവാവ് ഉയർച്ചയുടെ പടികൾ ചവിട്ടിക്കയറുവാൻ കഠിനമായ പരിശീലനത്തിൽ ഏർപ്പെടുകയായിരുന്നു. 1985 ൽ കൊച്ചിയിലെ എക്സോഡസ് റോക്ക് ബാൻഡിലൂടെ വിജു പ്രതിഭ തെളിയിച്ചു.

പിന്നീട് ബാംഗ്ലൂരിലെ റോക്ക് ക്ലെഫ് മ്യൂസിക്ക് ടീമിലെ ഗായകനായി. 1991 ആയപ്പോഴേക്കും ഇന്ത്യയിലെ നമ്പർ വൺ റോക്ക് ബാൻഡായ കൽക്കട്ടയിലെ ശിവയിൽ മുഖ്യഗായകനായി. അതോടെ ഇന്ത്യയിലെ പ്രശസ്തഗായകരുടെ നിരയിലേക്കു വിജു ഉയർന്നു കഴിഞ്ഞിരുന്നു. കൂടുകൾ ഓരോന്നായി മാറുമ്പോഴും പെന്തെക്കോസ്തു കൂട്ടായ്മകൾ താൻ ഉപേക്ഷിച്ചിരുന്നില്ല.

പണത്തിന്റെയും പ്രശസ്തിയുടെയും വർണച്ചിറകുകളിൽ വിജു പറന്നുയർന്നു. പ്രശസ്തി, ദേശീയ അന്തർദേശീയ മാധ്യമങ്ങളിൽ തന്നെക്കുറിച്ചുള്ള വാർത്തകൾ വന്നുതുടങ്ങി. നാളുകൾ ചിലതു പിന്നിട്ടു. എല്ലാ പ്രതീക്ഷകളും അസ്തമിച്ചത് പെട്ടെന്നായിരുന്നു. ചിറകറ്റ പക്ഷിയെപ്പോലെ താൻ നിലംപതിച്ചു. കഠിനമായ പനിയും അതുമൂലം തലച്ചോറിനേറ്റ ക്ഷതവും നിമിത്തം ശിവ ബാൻഡ് ബിജുവിനെ ഒഴിവാക്കി.



എല്ലാ വസന്തവും വാടിക്കരിഞ്ഞപ്പോൾ വരണ്ടമനസ്സും തളർന്നശരീരവുമായി നാട്ടിലേക്കു വണ്ടികയറി.

ഇത്രയേറെ ശോഭിച്ചിട്ട് എല്ലാം തകർന്നപ്പോൾ എന്തു തോന്നി എന്ന ചോദ്യത്തിന് 'ദൈവത്തിന് എന്നെക്കുറിച്ച് വ്യക്തമായ പ്ലാനുണ്ടായിരുന്നു. അതിലേക്കുള്ള ചവിട്ടുകളായിരുന്നു കഷ്ടതയുടെ നാളുകൾ എന്ന് ഇപ്പോൾ മനസ്സിലാക്കുന്നു' വിജു പറഞ്ഞു. 1995 ൽ ടി.വി.പരസ്യങ്ങൾക്ക് ശബ്ദം പകരാൻ ഒട്ടേറെ അവസരങ്ങൾ തന്നെ തേടിയെത്തി. അതിലൂടെ പതിനായിരങ്ങൾ പ്രതിഫലം പറ്റുന്ന ആർട്ടിസ്റ്റായി മാറി. വിപ്രോ, സെവൻ അപ്, ബ്രിട്ടാനിയ, ലക്സ്, ഹീറോ സൈക്കിൾ തുടങ്ങിയ, ലോകമെങ്ങും വീക്ഷിക്കുന്ന പല പ്രമുഖ കമ്പനികളുടെ പരസ്യങ്ങൾക്ക് ശബ്ദം പകരുവാൻ വിജുവിന് കഴിഞ്ഞു.

സുവിശേഷവയലിലേക്കുള്ള വിജുവിന്റെ തിരിച്ചുവരവിന്റെ പുറകിൽ ദൈവം ഒരുക്കിയ പദ്ധതികൾ വിസ്മയാവഹമായിരുന്നു. 1985 ൽ റോക്ക് സംഗീതവുമായി ഇറങ്ങിത്തിരിച്ച എക്സോഡസിലെ കലാകാരന്മാരായ സാംജോൺ (റെജി), മാത്യു ഫിലിപ്പ്, എബി തരകൻ എന്നിവർ പല വഴിയായി പിരിഞ്ഞു എങ്കിലും 1997 ൽ ദൈവം അവരെ കൂട്ടിച്ചേർത്തു. സുവിശേഷവേലയ്ക്കുള്ള ദർശനവുമായി ലോകമോഹങ്ങൾക്കു പുറകെ ഓടിയ എക്സോഡസ് എന്ന പേരിൽ തന്നെ എറണാകുളത്ത് യൂത്ത് ഫെലോഷിപ്പ് ആരംഭിച്ചു. ഈ ഫെലോഷിപ്പിലൂടെ അനേകർ യേശുവിനെ കണ്ടെത്തി. 1999 ആയപ്പോൾ .....പെന്തെക്കോസ്തു സഭയായി മാറി.

ദൈവം വിജുവിനെ തന്റെ പഴയസ്നേഹിതരുമായി അടുപ്പിച്ചു. അതെത്തുടർന്ന് സമയം ലഭിക്കുമ്പോൾ എക്സോഡസിനുവേണ്ടി പാടുവാൻ തുടങ്ങി.

മാസങ്ങൾ ചിലതു പിന്നിട്ടു. പതിനായിരങ്ങൾ വിലമതിച്ച ആ ശബ്ദം പതറുവാൻ തുടങ്ങി. ശബ്ദനാളത്തെ ബാധിക്കുന്ന മാരകമായ ലാറിഞ്ചൈറ്റിസ് രോഗം തന്നെ പിടികൂടി. എല്ലാ പ്രതീക്ഷകളും അസ്തമിച്ചു. ജീവിതവഴിയിൽ ഇരുൾമൂടിയ ദിനങ്ങൾ. അതോടെ വിജു ദൈവപാദപീഠത്തിങ്കൽ വീണു. നഷ്ടപ്പെട്ടുപോയ ശബ്ദം തിരിച്ചുലഭിച്ചാൽ ദൈവനാമത്തിനുവേണ്ടി മാത്രമേ പാടുകയുള്ളൂ എന്ന് ഉറച്ചുതീരുമാനം എടുത്തു. വീര്യമുള്ള ഭുജത്തിന്റെ സ്പർശനം താൻ അനുഭവിച്ചറിഞ്ഞു. തകർന്നും നുറുങ്ങിയതുമായ ഹൃദയത്തെ നിരസിക്കാത്ത ദൈവം വിജുവിന്റെ പ്രാർഥനകേട്ടു. ഡോക്ടർമാർക്കും മരുന്നുകൾക്കും പ്രതിവിധി കണ്ടെത്താൻ കഴിയാതിരുന്ന രോഗത്തിന് അത്ഭുതകരമായ വിടുതൽ ലഭിച്ചു.

സുവിശേഷപ്രവർത്തനത്തിനായി പൂർണമായി സമർപ്പിക്കപ്പെട്ട വിജുവിനു മുമ്പോട്ടുള്ള വഴികൾ അജ്ഞാതമായിരുന്നു. ഉണ്ടായിരുന്ന സമ്പാദ്യമെല്ലാം പലവഴിയായി തീർന്നുപോയിരുന്നു. നഷ്ടപ്പെട്ട ശബ്ദം തിരിച്ചുനല്കിയ കർത്താവിന് അവന്റെ മഹത്വത്തിന് ഒത്തവണ്ണം ഒരു ഗാനോപഹാരം സമർപ്പിക്കണം എന്നു താൻ തീരുമാനിച്ചു. ചൂടേറിയ ജീവിതാനുഭവങ്ങളിൽ നിന്നും ഒരുപിടി ഗാനങ്ങൾ പിറന്നുവീണു. അവയെ കാസറ്റിലാക്കാൻ ചെലവഴിച്ചത് ഏഴുലക്ഷം രൂപ.

"യേശുവേ, കരുണാമയനേ..." എന്ന പേരിൽ പ്രസിദ്ധീകരിച്ച ഈ കാസറ്റ്, കാസറ്റുകളുടെ ചരിത്രത്തിലെ നാഴികക്കല്ലാണ്. മാസ്റ്റർ കോപ്പിയ്ക്ക് ഇത്രയേറെ പണംമുടക്കിയ കാസറ്റ് വേറെയില്ല. വ്യത്യസ്തമായ ട്യൂണും ശൈലിയുമാണ് ഇതിൽ ഉപയോഗിച്ചിരിക്കുന്നത്. രണ്ട് ഇംഗ്ലീഷ് ഗാനങ്ങൾ ഉൾപ്പെടെ എട്ടുഗാനങ്ങളുടെ രചനയും സംഗീതവും ആലാപനവും വിജു തന്നെ നിർവ്വഹിച്ചിരിക്കുന്നു. 'യേശുവേ കരുണാമയനേ....' എന്ന ഗാനം ക്രൈസ്തവരും അക്രൈസ്തവരും ഒരുമിച്ച് ആസ്വദിച്ച് ദൈവത്തെ മഹത്വപ്പെടുത്തി വി.ജെ. ട്രാവനെ പുതിയ ആത്മീയ തരംഗമാക്കി മാറ്റിയിരിക്കുകയാണ്. അനേകം വേദികളിൽ പാടുകയും വചനം ഘോഷിക്കുകയും അനുഭവസാക്ഷ്യം പങ്കുവെയ്ക്കുകയും രോഗികൾക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്തു. പിന്മാറ്റക്കാർ മടങ്ങിവന്നു. യുവജനങ്ങൾ ജീവന്റെ പുതുക്കം പ്രാപിച്ചു. ദൈവഹിതം തിരിച്ചറിഞ്ഞ് പലരും മനസ്സുപുതുക്കി രൂപാന്തരപ്പെട്ടു. പാപത്തിലിരുന്നവർ മാനസാന്തരപ്പെട്ടു. ചിലർ ദൈവവിളികേട്ട് ശുശ്രൂഷയ്ക്കായി സമർപ്പിച്ചു.

വി.ജെ. ട്രാവൻ സംഗീതം ആഴമേറിയ ദൈവാശ്രയത്തിൽ നിന്നും ഉപവാസത്താലും പ്രാർഥനയാലും ജന്മമെടുത്തതാണ്. കഠിനപരീക്ഷണങ്ങളിൽ ദൈവം തന്നെ ജീവിപ്പിച്ച വചനങ്ങളിൽ നിന്നും ആത്മാവിനാൽ രചിക്കപ്പെട്ടതാണ് വിജുവിന്റെ സംഗീതം. രചനാശൈലി തീവ്രമായ ദൈവസ്നേഹം അലതല്ലുന്നതും കണ്ണുനീരിന്റെ നനവുള്ളതുമാണ്. ആലാപനം തീഷ്ണവും പുതുമ നിറഞ്ഞതുമാണ്. തിരുവചനത്തിലും ദൈവശക്തിയിലും അടിയുറച്ച് ഇപ്പോഴുള്ളതും വരുവാനുള്ളതുമായ തലമുറകളെ യേശുവിങ്കലേക്കു നയിക്കുവാൻ പര്യാപ്തമാണ് ഈ സംഗീതം.

യഹോവയുടെ വലംകൈ വീര്യം പ്രവർത്തിക്കുന്നു. (സങ്കീ. 118: 15)

പ്രാർത്ഥനാസംഗമം

യു.എ.ഇ. യുടെ ആത്മീയ ഉണർവിനും ആത്മാക്കളുടെ വിടുതലിനുമായി

12 മണിക്കൂർ ഉപവാസ പ്രാർത്ഥന

(എല്ലാ മാസവും രണ്ടാം ശനിയാഴ്ച)

തീയതി: ഡിസംബർ 10 ശനിയാഴ്ച

സമയം : രാവിലെ 10.00 മുതൽ രാത്രി 10.00 വരെ

സ്ഥലം : യൂണിയൻ ചർച്ച് ഷാർജ (ഹാൾ നമ്പർ 4)

പാസ്റ്റർ കെ.പി. ജോസ് വേങ്ങൂർ ആത്മീയ ശുശ്രൂഷകർക്ക് നേതൃത്വം നൽകുന്നു.

സഭാ സംഘടനാ വ്യത്യാസമന്യേ എവർക്കും സ്വാഗതം

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക : 050 1464837, 055 1497925, E-mail: prarthanasgm@yahoo.com

In Abu Dhabi & In Mussafa

അബുദാബിയിൽ ജോലിക്കോ മറ്റ് ആവശ്യങ്ങൾക്കോ വരുന്നവരുടെ ശ്രദ്ധയ്ക്ക്!

ഐ. പി. സി. ഏബൻ ഏസർ

മുസഫായിലും അബുദബി സിറ്റിയിലും നിങ്ങൾക്കായി ആരാധനാ സൗകര്യം ഒരുക്കുന്നു.

മുസഫായിൽ: എല്ലാ വ്യാഴാഴ്ചകളിലും രാത്രി 7.45 മുതൽ 10.00 വരെ ബ്രദറൺ ചർച്ച് സെന്റർ ഹാൾ നമ്പർ എഫ്-1ൽ ആരാധനായോഗം വെള്ളിയാഴ്ചകളിൽ രാവിലെ 9.45 മുതൽ 12.15 വരെ ബ്രദറൺ ചർച്ച് സെന്റർ ഹാൾ നമ്പർ എഫ് -2ൽ ഉപവാസപ്രാർഥനയും ആരാധനയും.

അബുദബി സിറ്റിയിൽ: എല്ലാ ചൊവ്വാഴ്ചകളിലും രാത്രി 8.00 മുതൽ 10.00 വരെ ഇവാഞ്ചലിക്കൽ ചർച്ച് സെന്റർ ബയിസ്മെന്റ് ഹാളിൽ ആരാധനായോഗം.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

PR. C. GEORGE MATHEW 050 7213965

PR. JACOB SAMUEL 050 3332358

EVG: T.M. ABRAHAM 050 7825315

EVG. THOMAS M. THOMAS 050 6625343




മുസഫ ബ്രദറൺ ചർച്ച് സെന്ററിൽ നടന്ന സംഗീതോത്സവത്തിൽ നിന്ന്.



പാസ്റ്റർ എസക്കിയേൽ ജോഷ്വ



ഇവാ. ദാനിയേൽ വില്യംസ്



പാസ്റ്റർ എം.എ. വർഗീസ്

# ആത്മചൈതന്യം നിറഞ്ഞ സംഗീതോത്സവം

**ഷാർജ:** ഫോഗ് ജനറേഷൻ സംഘടിപ്പിച്ച നീയെൻ സ്വന്തം സംഗീതോത്സവം ഷാർജയിലും മുസഫയിലും ആത്മചൈതന്യത്തിന്റെ മറക്കാനാവാത്ത ദിനങ്ങളായി മാറി. നൂറുകണക്കിനുപേർ വന്നെത്തിയ സംഗീതോത്സവത്തിന് ഗാനശുശ്രൂഷകൾക്കു പുറമെ വിവിധ പരിപാടികൾക്കൊണ്ട് ശ്രദ്ധേയമായി. വചനപ്രഭാഷണത്തിനും ആത്മീകചൈതന്യം നിറഞ്ഞ ഗാനശുശ്രൂഷയ്ക്കും കൂടുതൽ ശ്രദ്ധനല്കി നടത്തിയ പരിപാടി മലയാളികളിൽ നവ്യാനുഭവം പകർന്നു. കുവൈറ്റിലും യുഎഇ യിലുമായി നാല് സ്ഥലങ്ങളിലാണ് സംഗിതോത്സവം നടന്നത്.

ഷാർജ വർഷിപ്പ് സെന്ററിൽ നടന്ന സംഗീതോത്സവം ദുബായ് ഇന്ത്യൻ കോൺസുലേറ്റ് ലേബർ ആന്റ് വെൽഫയർ വെസ്റ്റ് കൗൺസിലർ ബാബു എൻ. തോമസ് ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ മന്ന ലൈവ് ബൈബിൾ റേഡിയോ സമർപ്പണം പാസ്റ്റർ എ.വി. സാമും സാംസ് റേഡിയോ പുറത്തിറക്കിയ 'നീയെൻ സ്വന്തം' സി.ഡി. പ്രകാശനം പവ്വർ വിഷൻ ഡയറക്ടർ ജോയി കല്ലുങ്കലും നിർവ്വഹിച്ചു. പാസ്റ്റർ എം.എ. വർഗീസ് പ്രസംഗിച്ചു. ജോണി ജോസഫ്, ജോഷി കോറേത്ത്, സന്തോഷ് ഈപ്പൻ, ബിന്നി സി. മാത്യു, സ്റ്റാൻലി ജേക്കബ്, നിസി ജെറിൻ എന്നിവർ നേതൃത്വം നല്കി. ചർച്ച് ഓഫ് ഗോഡ് യുഎഇ നാഷണൽ ഓവർസീയർ ഡോ. കെ.ഒ. മാത്യു സമ്മാനദാനം നിർവ്വഹിച്ചു.

മുസഫ ബ്രദറൺ ചർച്ച് സെന്ററിൽ നടന്ന സംഗീതോത്സവം ടോം ഫൈനാൻ (യുഎസ്എ) ഉദ്ഘാടനം ചെയ്തു. റിലീഫ് നൈറ്റ് ദേശീയ സെക്രട്ടറി ഡെന്നി പുലിക്കോട്ടിൽ അധ്യക്ഷത വഹിച്ചു. പാസ്റ്റർ എസക്കിയേൽ ജോഷ്വ മന്ന ലൈവ് ബൈബിൾ റേഡിയോ ഉദ്ഘാടനവും ദാനിയേൽ വില്യംസ് മുഖ്യപ്രഭാഷണവും നടത്തി.

പി.സി. ഗ്ലെന്നി, ആപ്കോൺ സെക്രട്ടറി വർഗീസ് ജേക്കബ്, എംസിസി സെക്രട്ടറി ജോൺ മത്തായി, ജോയി മാത്യു, എന്നിവർ നേതൃത്വം നല്കി. പാസ്റ്റർ ജോൺ വർഗീസ് സമ്മാനദാനം നിർവ്വഹിച്ചു. സന്തോഷ് ഏബ്രഹാം സ്വാഗതവും, റ്റി.സി. തോമസ് നന്ദിയും പറഞ്ഞു. വിവിധ ലേബർ ക്യാമ്പുകളിൽ നിന്ന് നൂറുകണക്കിനുപേർ എത്തിയിരുന്നു. പ്രശസ്ത ഗായകൻ ബിനോയ് ചാക്കോയുടെ നേതൃത്വത്തിൽ സ്റ്റാർ സിംഗർ ഇമ്മാനുവേൽ ഹെൻട്രി, ജെയ്സൺ, ജിജിസാം എന്നിവർ ഗാനങ്ങൾ ആലപിച്ചു. പ്രശസ്ത ഉപകരണസംഗീതവിദഗ്ധനായ സുനിൽ സോളമൻ നടത്തിയ പ്രകടനങ്ങൾ ശ്രദ്ധേയമായി. സണ്ണി, രാജേഷ്, മെൽവിൻ തോമസ്, ആഷിഷ് തോമസ് എന്നിവരടങ്ങുന്ന ഒമ്പത് അംഗ സംഘമാണ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകിയത്. കുവൈറ്റ് ഇന്റിഗ്രേറ്റഡ് ഇന്ത്യൻ സ്കൂൾ ഗ്രൗണ്ടിൽ നടന്ന സംഗീതോത്സവം എം. മാത്യൂസ് (ടൊയോട്ട സണ്ണി) ഉദ്ഘാടനം ചെയ്തു. റിലീഫ് നെറ്റ്, സാംസ് റേഡിയോ, മന്ന, ക്രിസ്ത്യൻ ട്രെൻഡ്സ്, മലബാർ മിനിസ്ട്രി, ഇംപാക്റ്റ്, മിസ്പ എന്നീ പ്രവർത്തനങ്ങളുടെ നേതൃത്വത്തിലായിരുന്നു പരിപാടി.



ബിനോയ് ചാക്കോ



ഇമ്മാനുവേൽ ഹെൻറി



ജിജി സാം



ഷാർജാ വർഷിപ്പ് സെന്ററിൽ നടന്ന സംഗീതോത്സവം ദുബായ് ഇന്ത്യൻ കോൺസുലേറ്റ് വൈസ് കൗൺസിലർ ബാബു എം. തോമസ് ഉദ്ഘാടനം ചെയ്യുന്നു.



സാംസ് റേഡിയോ പുറത്തിറക്കിയ നീ എൻ സ്വന്തം സി.ഡി. പ്രകാശനം പവർ വിഷൻ ഡയറക്ടർ ജോയി കല്ലുങ്കൽ നിർവഹിക്കുന്നു.



മുസഫ ബ്രദറൺ ചർച്ച് സെന്ററിൽ നടന്ന സംഗീതോത്സവം ടോം ഫൈനാൻ ഉദ്ഘാടനം ചെയ്യുന്നു.

Nee En Swantham
Musical Journey
CD Available



ഷാർജാ വർഷിപ്പ് സെന്ററിൽ ഗാനമാലപിച്ച് ജെയ്സൺ സോളമൻ സദസ്യരുടെ ഇടയിൽ.



സുനിൽ സോളമൻ പാൻ ഫ്ളൂട്ട് വായിക്കുന്നു.



ഷാർജാ വർഷിപ്പ് സെന്ററിൽ ബിനോയ് ചാക്കോ ഗാനങ്ങളാലപിക്കുന്നു.



സന്തോഷ് ഏബ്രഹാം



റ്റി.സി. തോമസ്

മലയാളറേഡിയോയുടെ ആദ്യശബ്ദം കെ.പി.കെ. വേങ്ങര സംസാരിക്കുന്നു. ഡെന്നി പുലിക്കോട്ടിൽ, പാസ്റ്റർ എ.വി. സാം എന്നിവർ സമീപം.





ഷാർജാ വർഷിപ്പ് സെന്ററിൽ ചർച്ച് ഓഫ് ഗോഡ് യു.എ.ഇ. നാഷണൽ ഓവർസീയർ ഡോ. കെ.ഓ. മാത്യു നറുക്കെടുപ്പ് വിജയിയെ പ്രഖ്യാപിക്കുന്നു.

Edited, Printed and published by P.C. Glenny, Editor in charge Santhosh Abraham. news@newsmanna.com, Visit: www.newsmanna.com 050 3241610, 055 3969791